NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.135 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-135 പേജ് 4. വില 2.00 രൂപ

02 എസ്എസ്എൽസി ഫലം പ്രഖ്യാപിച്ചു : വിജയശതമാനം 99.5
03 ജമ്മുവിൽ നുഴഞ്ഞുകയറ്റ ശ്രമം; ഏഴ് ഭീകരരെ വധിച്ചു
04 നിപ ബാധിച്ച സ്ത്രീ ഗുരുതരാവസ്ഥയിൽ

# അതീവ ഗുരുതര സാഹചര്യം

## പാകിസ്താൻ ഉപയോഗിച്ചത് 300-400 ഡ്രോണുകൾ
## ലക്ഷ്യംവെച്ചത് 36 കേന്ദ്രങ്ങൾ
## കേരളം സജ്ജമാകണമെന്ന് തീരുമാനിക്കാൻ മന്ത്രിസഭ യോഗം

പ്രതിരോധ മന്ത്രി ഉടൻ തന്നെ പ്രധാനമന്ത്രിയെ വസതിയിൽ ചെന്നുകാണുമെന്നാണ് റിപ്പോർട്ട്. അദ്ദേഹം സ്ഥിതിഗതികൾ പ്രധാനമന്ത്രിയെ ധരിപ്പിക്കും.

അതേസമയം, അതിർത്തിയിൽ പാക് സൈന്യം നടത്തിയ ഷെൽ ആക്രമണത്തിൽ ഒരാൾ കൂടി മരിച്ചു. പൂഞ്ചിലാണ് രണ്ടാമത്തെ മരണം റിപ്പോർട്ട് ചെയ്തത്. നേരത്തെ, ഉറിയിലുണ്ടായ ഷെൽ ആക്രമണത്തിൽ ഒരു സ്ത്രീ കൊല്ലപ്പെട്ടിരുന്നു.

ഉറിയിൽ മൂന്നുപേർക്കും പൂഞ്ചിൽ ഒരാൾക്കും പരിക്കേറ്റു. അതിർത്തിയിൽ സാധാരണക്കാർക്ക് നേരെ പാക് സൈന്യം ആക്രമണം തുടരുകയാണ്.

രാജ്യം അതീവ ഗുരുതര സാഹചര്യം നേരിടുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. ഈ സാഹചര്യത്തിൽ കേരളം ഏതു രീതിയിൽ സജ്ജമാകണമെന്ന കാര്യത്തിൽ മന്ത്രിസഭ യോഗം ചേർന്നു തീരുമാനമെടുക്കുമെന്നും അദ്ദേഹം പറഞ്ഞു. രണ്ടാം പിണറായി സർക്കാരിന്റെ നാലാം വാർഷിക പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച കണ്ണൂർ ജില്ലാതല യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



ഉറിയിൽ പാകിസ്താൻ ഷെൽ ആക്രമണത്തിൽ തകർന്ന തന്റെ വീടിനടുത്ത് നിൽക്കുന്ന മനുഷ്യൻ

പാക്കിസ്ഥാന്റെ ഭീകര പ്രവർത്തനത്തിന് ഇന്ത്യ ഉചിതമായ മറുപടിയാണു നൽകുന്നത്. രാജ്യത്തിനൊപ്പം ജനം ഒറ്റക്കെട്ടായി അണിനിരക്കുകയാണ് ഇപ്പോൾ ചെയ്യേണ്ടത്. പാക്കിസ്ഥാന്റെ ആക്രമണ ശ്രമങ്ങളെ രാജ്യം നല്ലരീതിയിലാണു പ്രതിരോധിക്കുന്നത്. നമ്മുടെ പരമാധികാരത്തെ പോറൽ ഏൽപ്പിക്കാനുള്ള ശ്രമങ്ങളാണു നടക്കുന്നത്. നമ്മുടെ രാജ്യം സ്വീകരിക്കുന്ന എല്ലാ നടപടികൾക്കുമൊപ്പം അണിചേരുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. എങ്ങോട്ടേക്കാണ് ഇതു പോകുന്നതെന്നു പറയാൻ പറ്റാത്ത സാഹചര്യമാണ്. അയൽ രാഷ്ട്രങ്ങളുമായി നല്ല ബന്ധം തുടരണമെന്നാണ് ഇന്ത്യ ആഗ്രഹിക്കുന്നത്. എന്നാൽ, പാക്കിസ്ഥാൻ വിപരീത ദിശയിലാണു കാര്യങ്ങൾ നീക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഇന്ത്യാ പാക്ക് സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ സാഹചര്യങ്ങൾ വിലയിരുത്താൻ ഉച്ചയ്ക്കു മന്ത്രിസഭാ യോഗം ചേരുന്നുണ്ട്. സർക്കാർ വാർഷിക ആഘോഷങ്ങൾ തുടരുന്നതിലടക്കം തീരുമാനമെടുത്തേക്കുമെന്നാണു സൂചന.

## അതിർത്തിയിൽ പാക് ഷെൽ ആക്രമണം; മരണ സംഖ്യ 18 ആയി

ശ്രീനഗർ: അതിർത്തിയിൽ പാക് സൈന്യം നടത്തിയ ഷെൽ ആക്രമണത്തിൽ രണ്ടുപേർ മരിച്ചു. പൂഞ്ചിലാണ് രണ്ടാമത്തെ മരണം റിപ്പോർട്ട് ചെയ്തത്. നേരത്തെ, ഉറിയിലുണ്ടായ ഷെൽ ആക്രമണത്തിൽ ഒരു സ്ത്രീ കൊല്ലപ്പെട്ടിരുന്നു.

ഉറിയിൽ മൂന്നുപേർക്കും പൂഞ്ചിൽ ഒരാൾക്കും പരിക്കേറ്റു. അതിർത്തിയിൽ സാധാരണക്കാർക്ക് നേരെ പാക് സൈന്യം ആക്രമണം തുടരുകയാണ്.

അതേസമയം, അതിർത്തി മേഖലകളിൽ പാക് സൈന്യം നടത്തിയ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 18 ആയി. പരിക്കേറ്റവരുടെ ആകെ എണ്ണം 40 ആയി.

## സംഘർഷം അവസാനിപ്പിക്കണമെന്ന് ഐക്യരാഷ്ട്രസഭ

ന്യൂഡൽഹി: ഇന്ത്യയും പാക്കിസ്ഥാനും സംഘർഷം അവസാനിപ്പിക്കണമെന്ന് ഐക്യരാഷ്ട്രസഭ. ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ വർധിച്ചുവരുന്ന സംഘർഷത്തിൽ യുഎൻ ആശങ്ക പ്രകടിപ്പിച്ചു.

യുദ്ധം താങ്ങാവുന്ന അവസ്ഥയിലല്ല ലോകമെന്ന് യുഎൻ വക്താവ് ഫർഹാൻ അസിസ് ഹഖ് വാർത്താക്കുറിപ്പിൽ അറിയിച്ചു. ലോകത്തിന് ഇനിയും മറ്റൊരു യുദ്ധം താങ്ങാനുള്ള കരുത്തില്ലെന്ന് യുഎൻ സെക്രട്ടറി ജനറൽ വ്യക്തമാക്കിയ കാര്യം തന്നെ ഇപ്പോഴും ആവർത്തിക്കുകയാണ്.

സംഘർഷം വ്യാപിക്കാതെ ഇരു രാജ്യങ്ങളും നടപടികൾ സ്വീകരിക്കണമെന്നും യുഎൻ വ്യക്തമാക്കി. അതേസമയം ജമ്മുവിൽ വീണ്ടും പാക്കിസ്ഥാൻറെ പ്രകോപനമുണ്ടായി. പുലർച്ചെ വീണ്ടും ഡ്രോൺ ആക്രമണമുണ്ടായി. പാക് ഡ്രോണുകൾ ഇന്ത്യൻ സൈന്യം തകർത്തതായാണ് വിവരം.

ഡ്രോൺ ആക്രമണം പ്രതിരോധിക്കാൻ വ്യോമ പ്രതിരോധ സംവിധാനങ്ങൾ സൈന്യം പ്രവർത്തിപ്പിച്ചു. പുലർച്ചെ വീണ്ടും ഡ്രോൺ ആക്രമണം ഉണ്ടായ സാഹചര്യത്തിൽ ജമ്മുവിൽ വീണ്ടും ബ്ലാക്ക് ഔട്ട് പ്രഖ്യാപിച്ചു.

## പാക് സൈനിക പോസ്റ്റുകൾ തകർത്ത് ഇന്ത്യ; ദൃശ്യങ്ങൾ പങ്കുവച്ച് സൈന്യം

ന്യൂഡൽഹി: നിയന്ത്രണ രേഖയിലെ പാക് സൈനിക പോസ്റ്റ് തകർക്കുന്നതിൻറെ വീഡിയോ ദൃശ്യങ്ങൾ പങ്കുവച്ച് ഇന്ത്യൻ ആർമി. ഒന്നിലധികം പാക് സൈനിക പോസ്റ്റുകൾ തകർത്തതായി സൈനിക വക്താവ് അറിയിച്ചു.

വീഡിയോ ഏത് മേഖലയിലേതാണെന്ന് വ്യക്തമല്ല. എന്നാൽ തുടർച്ചയായ വെടിനിർത്തൽ ലംഘനങ്ങൾക്ക് ഇന്ത്യൻ സൈന്യം തക്കതായ മറുപടി നൽകുന്നുണ്ടെന്നാണ് റിപ്പോർട്ട്.

ഓപ്പറേഷൻ സിന്ദൂറിൻറെ ഭാഗമായി പാക്കിസ്ഥാനിലെയും പാക് അധീന കാഷ്മീരിലെയും ഭീകരക്യാമ്പുകളിൽ ഇന്ത്യ വ്യോമാക്രമണം നടത്തിയിരുന്നു. ഇതിനു പിന്നാലെ പാക് സൈന്യം നടത്തിയ മിസൈൽ, ഡ്രോൺ ആക്രമണങ്ങൾ ഇന്ത്യ പരാജയപ്പെടുത്തി. പാക് സൈന്യം അയച്ച 50 ഡ്രോണുകൾ വെടിവച്ചിട്ടതായി ഇന്ത്യ വ്യക്തമാക്കി.



## കെപിസിസി പ്രസിഡന്റായി അഡ്വ. സണ്ണി ജോസഫ് എംഎൽഎ മെയ് 12 ന് ചുമതലയേൽക്കും

നിയുക്ത കെപിസിസി പ്രസിഡന്റ് അഡ്വ. സണ്ണി ജോസഫ് എംഎൽഎ മെയ് 12 രാവിലെ 9.30ന് കെ.സുധാകരൻ എം പിയിൽ നിന്ന് ചുമതലയേറ്റെടുക്കുമെന്ന് കേരളത്തിന്റെ ചുമതലയുള്ള എഐസിസി ജനറൽ സെക്രട്ടറി ദീപദാസ് മുൻഷി അറിയിച്ചു.

ഇന്ത്യ -പാകിസ്ഥാൻ സംഘർഷ സാഹചര്യത്തിൽ കെപിസിസി ആസ്ഥാനത്ത് മുതിർന്ന നേതാക്കളുടെ സാന്നിധ്യത്തിൽ നടക്കുന്ന ലളിതമായ ചടങ്ങുകളോടെ ആയിരിക്കും ചുമതല ഏറ്റെടുക്കൽ. പ്രതിപക്ഷനേതാവ് വിഡി സതീശൻ,കോൺഗ്രസ് പ്രവർത്തക സമിതി അംഗങ്ങൾ,എഐസിസി ഭാരവാഹികൾ ,മുൻ കെപിസിസി അധ്യക്ഷൻമാർ, എംപിമാർ,എംഎൽഎമാർ ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കൾ ചടങ്ങിൽ സംബന്ധിക്കും.

കെപിസിസി വർക്കിംഗ് പ്രസിഡന്റുമാരായ പി.സി വിഷ്ണുനാഥ് എംഎൽഎ, എ.പി അനിൽകുമാർ എംഎൽഎ, ഷാഫി പറമ്പിൽ എംപി എന്നിവരും യുഡിഎഫ് കൺവീനർ അടൂർ പ്രകാശ് എംപിയും അന്നേദിവസം ചുമതല ഏറ്റെടുക്കും.

## രാഷ്ട്രപതിയുടെ ശബരിമല ദർശനം റദ്ദാക്കി

തിരുവനന്തപുരം: രാഷ്ട്രപതി ദ്രൗപതി മുർമുവിൻറെ ശബരിമല ദർശനം റദ്ദാക്കി. രാഷ്ട്രപതി എത്തില്ലെന്ന് പോലീസ് ദേവസ്വം ബോർഡിനെ അറിയിച്ചു.

രാഷ്ട്രപതി മേയ് 18, 19 തീയതികളിൽ എത്തുമെന്നായിരുന്നു അറിയിച്ചിരുന്നത്. ഇതിനായുള്ള ക്രമീകരണങ്ങൾ ദേവസ്വം ബോർഡുമായി ചേർന്ന് ചെയ്തിരുന്നത് പോലീസായിരുന്നു.ഇതേതുടർന്ന് വെർച്വൽ ക്യൂ ബുക്കിംഗ് അടക്കമുള്ള കാര്യങ്ങളിൽ ദേവസ്വം ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. ഈ നിയന്ത്രണങ്ങൾ എല്ലാം തന്നെ ഇപ്പോൾ മാറ്റി.

18-ാം തീയതി കോട്ടയം കുമരകത്ത് എത്തുന്ന രാഷ്ട്രപതി വ്യോമസേനയുടെ ഹെലികോപ്റ്ററിൽ നിലയ്ക്കലിൽ എത്തി, അവിടെ നിന്നും സന്നിധാനത്ത് എത്തി ദർശനം നടത്തി മടങ്ങുമെന്നായിരുന്നു ധാരണ. എന്നാൽ നിലവിലെ പ്രത്യേക സാഹചര്യത്തിൽ സുരക്ഷയെ കരുതിയാണ് പ്രധാനമന്ത്രി സന്ദർശനം മാറ്റിയിരിക്കുന്നത്.

## ഷഹബാസിന്റെ കൊലപാതകം; കുറ്റാരോപിതരായ ആറ് വിദ്യാർഥികളുടെ എസ്എസ്എൽസി ഫലം തടഞ്ഞു

താമരശ്ശേരി: കോഴിക്കോട് താമരശ്ശേരിയിലെ പത്താം ക്ലാസ് വിദ്യാർത്ഥി മുഹമ്മദ് ഷഹബാസിനെ കൊലപ്പെടുത്തിയ കേസിൽ കുറ്റാരോപിതരായ ആറ് വിദ്യാർത്ഥികളുടെ എസ്എസ്എൽസി പരീക്ഷാ ഫലം തടഞ്ഞ് പരീക്ഷാ ബോർഡ്. അന്വേഷണ പുരോഗതിക്കനുസരിച്ച് ആവശ്യമെങ്കിൽ ഫലം പിന്നീട് പ്രസിദ്ധീകരിക്കുമെന്നും പരീക്ഷാ ബോർഡ് അറിയിച്ചു. ആദ്യഘട്ടത്തിൽ, വിദ്യാർത്ഥികളെ പരീക്ഷ എഴുതിക്കരുത് എന്ന ആവശ്യം ഉയർന്നിരുന്നുവെങ്കിലും ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ നിർദ്ദേശപ്രകാരമാണ് കുട്ടികളെ പരീക്ഷ എഴുതിച്ചത്. വെള്ളിമാടുകുന്ന് ജുവനൈൽ ഹോമിൽ സുരക്ഷാ സംവിധാനം ഒരുക്കിയാണ് കുട്ടികളെ പരീക്ഷ എഴുതിച്ചത്. വിദ്യാർത്ഥികളുടെ ജാമ്യ ഹർജി പരിഗണിക്കുന്നത് ഈ മാസം 13-ലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്.

ഈ വർഷം ഫെബ്രുവരി 27-ന് നടന്ന ഏറ്റുമുട്ടലിൽ സാരമായി പരിക്കേറ്റ് കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ മുഹമ്മദ് ഷഹബാസ് (15) മരിച്ചത്.

## അജിത് കുമാറിന് എക്സൈസ് കമ്മിഷണറായി സ്ഥാനക്കയറ്റം; മനോജ് ഏബ്രഹാമിനും മാറ്റം: പൊലീസിൽ അഴിച്ചുപണി

തിരുവനന്തപുരം : എഡിജിപി എം.ആർ.അജിത് കുമാറിനെ വീണ്ടും തന്ത്രപ്രധാന പദവിയിലേക്ക് നിയോഗിച്ച് സർക്കാർ. ബറ്റാലിയൻ എഡിജിപിയായിരുന്ന അജിത് കുമാറിന് എക്സൈസ് കമ്മിഷണറായാണ് സ്ഥാനക്കയറ്റം നൽകിയത്. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ യോഗേഷ് ഗുപ്തയെ ഫയർ ആൻഡ് റെസ്ക്യൂ ഡയറക്ടർ ജനറലായും നിയോഗിച്ചു.

'സ്ഥിരീകരിക്കാത്ത വിവരം പരസ്യമാക്കി': വേടനെതിരെ നടപടിയെടുത്ത വനംവകുപ്പ് ഉദ്യോഗസ്ഥന് സ്ഥലം മാറ്റം

ഫയർ ആൻഡ് റെസ്ക്യൂ ഡയറക്ടറായിരുന്ന മനോജ് ഏബ്രഹാം വിജിലൻസ് ഡയറക്ടറാകും. ജയിൽ ഡിജിപി ആയിരുന്ന ബൽറാം കുമാർ ഉപാധ്യയയെ കേരള പൊലീസ് അക്കാദമി ഡയറക്ടറായും എക്സൈസ് കമ്മിഷണറായിരുന്ന മഹിപാൽ യാദവിനെ ക്രൈം എഡിജിപി ആയും നിയമിച്ചു.

അനധികൃത സ്വത്ത് സമ്പാദനം, ആർഎസ്എസ് നേതാക്കളുമായുള്ള കൂടിക്കാഴ്ച, തൃശൂർ പൂരം കലക്കൽ തുടങ്ങി ഒട്ടേറെ വിവാദങ്ങളിൽ ഇടംപിടിച്ച് നടപടി നേരിട്ട എം.ആർ.അജിത് കുമാർ 1995 ബാച്ച് ഉദ്യോഗസ്ഥനാണ്. 2028 വരെയാണ് ഇദ്ദേഹത്തിന് സർവീസ് ഉള്ളത്. ഡിജിപി എസ്. ദർവേഷ് സാഹിബ് ജൂൺ 30ന് വിരമിക്കുമ്പോൾ സംസ്ഥാനത്തിന്റെ പുതിയ പൊലീസ് മേധാവിയാകാനുള്ളവരുടെ സാധ്യതപ്പട്ടികയിലും അജിത് കുമാറിന്റെ പേരുണ്ട്



# കെ – ടാപ് : 12 മുൻനിര കാർഷിക സാങ്കേതിക വിദ്യകൾക്കായി കുടുംബശ്രീയും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ – കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രവും ധാരണാപത്രത്തിൽ ഒപ്പിട്ടു

## കുടുംബശ്രീ ടെക്നോളജി അഡ്വാൻസ്മെന്റ് പ്രോഗ്രാമിന്റെ (കെ – ടാപ്) ഭാഗമായി ആദ്യ ധാരണാപത്രം വിവിധ സ്ഥാപനങ്ങളിൽ നിന്ന് ആകെ സ്വന്തമാക്കുന്നത് 180 സാങ്കേതിക വിദ്യകൾ

തിരുവനന്തപുരം : കിഴങ്ങുവർഗ്ഗ കൃഷിയിലെ 12 മുൻനിര സാങ്കേതിക വിദ്യകൾ ലഭ്യമാക്കുന്നതിനുള്ള ധാരണാപത്രത്തിൽ കുടുംബശ്രീയും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ – കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രവും (ഐ.സി.എ.ആർ – സി.ടി.സി.ആർ.ഐ) ഒപ്പിട്ടു. തിരുവനന്തപുരം ശ്രീകാര്യത്ത് കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിൽ ഇന്നലെ (09052025) സംഘടിപ്പിച്ച ചടങ്ങിൽ കുടുംബശ്രീയ്ക്കായി എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച്. ദിനേശൻ ഐ.എ.എ സും ഐ.സി.എ.ആർ – സി.ടി.സി.ആർ.ഐയ്ക്ക് വേണ്ടി ഡയറക്ടർ ഡോ. ജി. ബൈജുവുമാണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്.

കുടുംബശ്രീയുടെ ഭാഗമായി കാർഷിക മേഖലയിൽ നിന്ന് ഉപജീവനം കണ്ടെത്തുന്ന ലക്ഷക്കണക്കിന് അയൽക്കൂട്ടാംഗങ്ങളെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയിലൂന്നിയ കൃഷി രീതികളിലേക്കും സുസ്ഥിര വരുമാന ലഭ്യതയിലേക്കും നയിക്കുന്നതിനായി തയാറാക്കിയിരിക്കുന്ന കെ-ടാപ് (കുടുംബശ്രീ ടെക്നോളജി അഡ്വാൻസ്മെന്റ് പ്രോഗ്രാം)ന്റെ ഭാഗമായി സാങ്കേതിക വിദ്യകൾ കൈമാറുന്നതിനുള്ള ആദ്യ ധാരണാപത്രമാണിത്. ഇത് പ്രകാരം കിഴങ്ങുവിളകളിൽ നിന്നുള്ള മൂല്യവർദ്ധനവും ഭക്ഷ്യ സംസ്ക്കരണവും കേന്ദ്രീകരിച്ചുള്ള 12 സാങ്കേതിക വിദ്യകൾ കുടുംബശ്രീക്ക് ലഭിക്കും. കപ്പ, മധുരക്കിഴങ്ങ് എന്നിവ ഉപയോഗിച്ച് കുക്കീസ്, കുൽഫി, മഫിൻസ്, സ്നാക്കസ്, പാസ്ത, ജെല്ലി തുടങ്ങിയ വിവിധ വിഭവങ്ങൾ തയാറാക്കുന്നതിനുള്ള സാങ്കേതിക വിദ്യകളാണ് നൽകുക.



കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച്. ദിനേശൻ ഐ.എ.എസ്, ഐ.സി.എ.ആർ – സി.ടി.സി.ആർ.ഐ ഡയറക്ടർ ഡോ. ജി. ബൈജു എന്നിവർ ധാരണാപത്രവുമായി. കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ കോർഡിനേറ്റർ രമേഷ്. ജി, ഡോ. പി.എസ്. ശിവകുമാർ (പ്രിൻസിപ്പൽ സയന്റിസ്റ്റ്, ഐ.സി.എ.ആർ – സി.ടി.സി.ആർ.ഐ), കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ഡോ. എസ്. ഷാനവാസ്, ഡോ. എം.എസ്. സജീവ് (പ്രിൻസിപ്പൽ സയന്റിസ്റ്റ്, ഐ.സി.എ.ആർ – സി.ടി.സി.ആർ.ഐ) ഡോ. പ്രദീപിക ചിന്ത (ഐ.സി.എ.ആർ – സി.ടി.സി.ആർ.ഐ), ഡോ. എ.എൻ. ജ്യോതി (ഐ.സി.എ.ആർ – സി.ടി.സി.ആർ.ഐ) എന്നിവർ സമീപം.

വരും ആഴ്ചകളിൽ ഇന്ത്യയിലെ മറ്റ് ഏഴ് പ്രമുഖ കാർഷിക സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളിൽ നിന്ന് കൂടി സാങ്കേതിക വിദ്യകൾ വാങ്ങി ആകെ 180 സാങ്കേതിക വിദ്യകളടങ്ങുന്ന വിദ്യാശേഖരം തയാറാക്കി ഇത് ഉപയോഗപ്പെടുത്തിയുള്ള ഉത്പന്നങ്ങൾ ഓണത്തോടെ പുറത്തിറക്കാനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നതെന്ന് മുഖ്യപ്രഭാഷണത്തിൽ എച്ച്. ദിനേശൻ ഐ.എ.എസ് പറഞ്ഞു. തെരഞ്ഞെടുക്കപ്പെടുന്ന അയൽക്കൂട്ടാംഗങ്ങൾക്ക് ഈ സാങ്കേതിക വിദ്യകളിൽ ഊന്നിയുള്ള പരിശീലനം നൽകുന്ന പ്രവർത്തനങ്ങളും ഉടൻ ആരംഭിക്കും. കൃഷിയിലും അനുബന്ധ മേഖലകളിലും നവീന സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിലൂടെ ഉത്പാദനം, മൂല്യവർധിത ഉത്പന്ന നിർമ്മാണം, സംസ്ക്കരണം, വിപണനം തുടങ്ങി കൃഷിയുടെ സമസ്ത മേഖലകളിലും മുന്നേറ്റം കൈവരിച്ചു കൊണ്ട് വനിതകൾക്ക് മികച്ച തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്നതാണ് കെ-ടാപ് പദ്ധതിയുടെ ലക്ഷ്യം. നിലവിൽ കുടുംബശ്രീക്ക് കീഴിലുള്ള 94,594 കർഷക സംഘങ്ങളിലെ 4,32,667 വനിതകൾ സംസ്ഥാനമൊട്ടാകെ 20,000ത്തിലേറെ ഹെക്ടറിൽ വിവിധ കൃഷികൾ ചെയ്തു വരുന്നു. പ്രൊഡ്യൂസർ ഗ്രൂപ്പുകൾ, കാർഷിക സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ എന്നിവയുമുണ്ട്. ഈ വനിതാ കർഷകരുടെ ഉപജീവന പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ കെ-ടാപ് സാങ്കേതിക വിദ്യാശേഖരം ഉപയോഗപ്പെടുത്തും. കാർഷിക ഉത്പന്നങ്ങളുടെ സംസ്ക്കരണം, ചെറുധാന്യങ്ങളുടെ മൂല്യവർധനവ്, ജൈവ ഉത്പാദന രീതികൾ, സ്മാർട്ട് ഫാമിങ്ങ്, പരിസ്ഥിതി സൗഹൃദ പാക്കേജിങ്ങ്, ബ്രാൻഡിങ്ങ്, ലൈസൻസ് ലഭ്യമാക്കൽ എന്നിവയ്ക്കെല്ലാം ഈ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതോടുകൂടി നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണവും വരുമാനവർദ്ധനവുമുണ്ടാകും.

ധാരണാപത്രം ഒപ്പുവയ്ക്കൽ ചടങ്ങിൽ ഐ.സി.എ.ആർ – സി.ടി.സി.ആർ.ഐ ഡയറക്ടർ ഡോ. ജി. ബൈജു അധ്യക്ഷനായി. കുടുംബശ്രീയുമായി സഹകരിച്ചുകൊണ്ടുള്ള പരിപാടികളെല്ലാം ഫലപ്രദമായി താഴേത്തട്ടിലേക്ക് എത്തി വിജയകരമായി തീരുമെന്ന് ഉറപ്പാണെന്ന് അധ്യക്ഷ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ഡോ. എസ്. ഷാനവാസ് പദ്ധതി വിശദീകരിച്ചു. കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ കോർഡിനേറ്റർ രമേഷ്. ജി, ഡോ. എം.എസ്. സജീവ് (പ്രിൻസിപ്പൽ സയന്റിസ്റ്റ്, ഐ.സി.എ.ആർ – സി.ടി.സി.ആർ.ഐ) എന്നിവർ സംസാരിച്ചു.

ഡോ. പി.എസ്. ശിവകുമാർ (പ്രിൻസിപ്പൽ സയന്റിസ്റ്റ്, ഐ.സി.എ.ആർ– സി.ടി.സി.ആർ.ഐ) സ്വാഗതവും ഡോ. ടി. കൃഷ്ണകുമാർ (സയന്റിസ്റ്റ്, ഐ.സി.എ.ആർ – സി.ടി.സി.ആർ.ഐ) നന്ദിയും പറഞ്ഞു. കുടുംബശ്രീ സംസ്ഥാന, ജില്ലാ മിഷൻ, ഐ.സി.എ.ആർ – സി.ടി.സി.ആർ.ഐ പ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## മെറിറ്റ് സ്കോളർഷിപ്പ് : പുതുക്കുന്നതിന് അപേക്ഷിക്കാം

2022–23 വർഷം സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ആർട്സ് & സയൻസ്, മ്യൂസിക്, സംസ്കൃത കോളജുകളിലും യൂണിവേഴ്സിറ്റി ഡിപ്പോർട്ട്മെന്റുകളിലും ബിരുദ കോഴ്സുകളിൽ ഒന്നാംവർഷ ക്ലാസുകളിൽ പ്രവേശനം നേടി, സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർഥികളിൽ നിന്നും 2023–24, 2024–25 വർഷത്തെ സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ് പുതുക്കുന്നതിന് അപേക്ഷ ക്ഷണിച്ചു.

ജൂൺ 16 നകം അപേക്ഷകൾ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക്: collegiateedu.kerala.gov.in, www.dcescholarship.kerala.gov.in, 9446780308.

## ഹോമിയോപ്പതി പ്രാക്ടീഷണർമാർ വിവരങ്ങൾ സമർപ്പിക്കണം

ഹോമിയോപ്പതിക് മെഡിസിൻ കൗൺസിലിൽ (കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ്) നിന്നും നിലവിൽ ഹോളോഗ്രാം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുള്ള ഹോമിയോപ്പതി പ്രാക്ടീഷണർമാർ പേര്, രജിസ്ട്രേഷൻ നമ്പർ, പ്രാക്ടീസ് ചെയ്യുന്ന സ്ഥലവും ജില്ലയും, അടുത്തിടെ എടുത്ത ഫോട്ടോഗ്രാഫ്, മേൽവിലാസം, ആധാർ നമ്പർ, ഫോൺ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഗൂഗിൾ ഷീറ്റിൽ നൽകുന്നതിനുള്ള സമയപരിധി ജൂലൈ 31 വരെ നീട്ടി.

ഇതുവരെ ഹോളോഗ്രാം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കരസ്ഥമാക്കാത്ത എല്ലാ രജിസ്റ്റേർഡ് ഹോമിയോപ്പതി പ്രാക്ടീഷണർമാരും ജൂലൈ 31 നു മുമ്പ് ഹോളോഗ്രാം സർട്ടിഫിക്കറ്റ് നേടണം. അല്ലാത്തപക്ഷം രജിസ്ട്രേഷൻ റദ്ദാക്കും. വിശദവിവരങ്ങൾക്ക്: www.medicalcouncil.kerala.gov.in.

## ട്യൂട്ടർ അഭിമുഖം

വയനാട് സർക്കാർ നഴ്സിങ് കോളേജ് ട്യൂട്ടർ തസ്തികയിൽ നിലവിലുള്ള രണ്ട് ഒഴിവിലേക്ക് 2025–26 അധ്യയന വർഷത്തേക്ക് താൽക്കാലിക നിയമനത്തിന് മെയ് 16 ന് അഭിമുഖം നടക്കും. എം.എസ്സി നഴ്സിങ് യോഗ്യതയും കെ.എൻ.എം.സി രജിസ്ട്രേഷനും ഉള്ള ഉദ്യോഗാർഥികൾക്ക് പങ്കെടുക്കാം.

താൽപര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, ആധാർ ഉൾപ്പെടെ രാവിലെ 10.30 ന് അഭിമുഖത്തിൽ നേരിട്ട് പങ്കെടുക്കണം. കൂടുതൽ വിവരങ്ങൾക്ക്: 04935–299424.

## ക്യാമ്പ് സിറ്റിങ്

കേരള ലോകായുക്ത കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ക്യാമ്പ് സിറ്റിങ് നടത്തുന്നു. മെയ് 27, 28 തീയതികളിൽ കണ്ണൂർ കോൺഫറൻസ് ഹാളിലും മെയ് 29, 30 തീയതികളിൽ കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിലും നടക്കുന്ന ക്യാമ്പ് സിറ്റിങ്ങിന് ലോകായുക്ത ജസ്റ്റിസ് എൻ. അനിൽകുമാറും ഉപലോകായുക്ത ജസ്റ്റിസ് ഷെർസി വി യും നേതൃത്വം നൽകും. രാവിലെ 10.30 മുതൽ ആരംഭിക്കുന്ന സിറ്റിങ്ങിൽ നിശ്ചിത ഫോറത്തിലുള്ള പുതിയ പരാതികൾ സ്വീകരിക്കും.

# എസ്എസ്എൽസി ഫലം പ്രഖ്യാപിച്ചു : വിജയശതമാനം 99.5, എല്ലാ വിഷയങ്ങൾക്കും എ പ്ലസ് 61,449 വിദ്യാർത്ഥികൾക്ക്

കേരളത്തിലും ലക്ഷദ്വീപിലും ഗൾഫ് മേഖലകളിലുമായി 3,072 സെന്ററുകളിലായി 4,27,020 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയതിൽ 4,24,583 വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടിയതായി പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. 99.5 ആണ് വിജയശതമാനം. കഴിഞ്ഞ വർഷം ഇത് 99.69 ആയിരുന്നു . 61,449 വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടി. കഴിഞ്ഞ വർഷം 71,831 വിദ്യാർത്ഥികളായിരുന്നു എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയതെന്നും എസ്എസ്എൽസി ഫലപ്രഖ്യാപനത്തിനായി സെക്രട്ടറിയേറ്റ് പിആർ ചേംബറിൽ നടത്തിയ വാർത്താസമ്മേളനത്തിൽ മന്ത്രി അറിയിച്ചു.

എസ്.എസ്.എൽ.സി പ്രൈവറ്റായി 68 വിദ്യാർത്ഥികൾ പുതിയ സ്കീമിൽ പരീക്ഷ എഴുതിയതിൽ 46 വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടി. വിജയ ശതമാനം 67.65. എസ്.എസ്.എൽ.സി പ്രൈവറ്റായി പഴയ സ്കീമിൽ 6 വിദ്യാർത്ഥികൾ പരീക്ഷ എഴുതി. ഇതിൽ 4 പേർ ഉന്നതവിദ്യാഭ്യാസത്തിന് യോഗ്യത നേടി. വിജയ ശതമാനം 66.67. കണ്ണൂരാണ് വിജയ ശതമാനം ഏറ്റവും കൂടുതലുള്ള റവന്യൂ ജില്ല (99.87), ഏറ്റവും കുറവ് തിരുവനന്തപുരം ജില്ല (98.59). പാലായും മാവേലിക്കരയുമാണ് വിജയ ശതമാനം ഏറ്റവും കൂടുതലുള്ള വിദ്യാഭ്യാസ ജില്ലകൾ (100). വിജയ ശതമാനം ഏറ്റവും കുറവുള്ള വിദ്യാഭ്യാസ ജില്ല ആറ്റിങ്ങലാണ് (98.28). മലപ്പുറമാണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് കിട്ടിയ വിദ്യാഭ്യാസ ജില്ല. 4,115 വിദ്യാർത്ഥികൾ. കഴിഞ്ഞ വർഷം ഇത് 4,934 ആയിരുന്നു.

ഗൾഫിൽ 7 പരീക്ഷ കേന്ദ്രങ്ങളിലായി 681 വിദ്യാർത്ഥികൾ പരീക്ഷ എഴുതി. 675 വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടി. 99.12 ആണ് വിജയശതമാനം. ഗൾഫിലെ 4 സെന്ററുകൾ നൂറ് ശതമാനം വിജയം നേടിയിട്ടുണ്ട്. ലക്ഷദ്വീപിൽ 9 പരീക്ഷാ കേന്ദ്രങ്ങളിലായി 447 വിദ്യാർത്ഥികൾ പരീക്ഷ എഴുതി. 428 പേർ ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടി. വിജയ ശതമാനം 95.75. ലക്ഷദ്വീപിലെ നാല് സെന്ററുകൾ നൂറ് ശതമാനം വിജയം നേടി. മലപ്പുറത്തെ പി.കെ.എം.എം.എച്ച്.എസ്.എസ്.എടരിക്കോടാണ് കൂടുതൽ കുട്ടികൾ പരീക്ഷ എഴുതിയ സെന്റർ. 2,017 പേർ. 2,013 പേർ വിജയിച്ചു. ഇതിൽ 299 വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടി. വിജയശതമാനം 99.8.കണ്ണൂർ



എസ്എസ്എൽസി ഫലപ്രഖ്യാപനത്തിനു ശേഷം പരീക്ഷാ ഭവനിലെ ഉദ്യോഗസ്ഥരെ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി അഭിനന്ദിക്കുന്നു

സെന്റ് ജോസഫ്സ് സ്കൂൾ, പെരട്ടയാണ് ഏറ്റവും കുറവ് കുട്ടികൾ പരീക്ഷ എഴുതിയ സെന്റർ. ഒരു വിദ്യാർത്ഥി.

48 കേന്ദ്രങ്ങളിലായിരുന്നു റ്റി.എച്ച്.എസ്.എൽ.സി. പരീക്ഷ നടന്നത്. പരീക്ഷ എഴുതിയ 3,055 വിദ്യാർത്ഥികളിൽ 3,039 പേർ ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടി. വിജയ ശതമാനം 99.48. 429 വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടി. 2 കേന്ദ്രങ്ങളിലായി 12 പേർ റ്റി.എച്ച്.എസ്.എൽ.സി. (എച്ച്.ഐ) പരീക്ഷ എഴുതി. ഇതിൽ 12 പേർ ഉന്നതവിദ്യാഭ്യാസത്തിന് യോഗ്യത നേടി. നൂറു ശതമാനമാണ് വിജയം. 29 പരീക്ഷാ കേന്ദ്രങ്ങളിലായി നടന്ന എസ്.എസ്.എൽ.സി. (എച്ച്.ഐ) പരീക്ഷയിൽ 207 വിദ്യാർത്ഥികൾ പരീക്ഷ എഴുതി. 206 പേർ ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടി. വിജയ ശതമാനം 99.51. 31 പേർ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടി.

തൃശൂർ കേരളകലാമണ്ഡലം ആർട്ട് ഹയർസെക്കന്ററി സ്കൂളിൽ നടന്ന എ.എച്ച്.എസ്.എൽ.സി പരീക്ഷയിൽ 66 വിദ്യാർത്ഥികൾ പരീക്ഷ എഴുതി. 66 പേർ ഉന്നത വിദ്യാഭ്യാസത്തിന് അർഹതനേടി. നൂറ് ശതമാനമാണ് വിജയം. 39,981 എസ്.സി വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിൽ 39,447 പേർ ഉപരിപഠനത്തിന് അർഹത നേടി. 98.66 ആണ് വിജയശതമാനം. 2,130 വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടി. 7,279 എസ്.ടി വിദ്യാർഥികൾ പരീക്ഷ എഴുതിയതിൽ 7,135 പേര് വിജയിച്ചു. ഇതിൽ 162 വിദ്യാർത്ഥികൾ ഫുൾ എ പ്ലസ് നേടി. 98.02 ആണ് വിജയ ശതമാനം.

1,167 സർക്കാർ സ്കൂളുകളിലെയും 1,424 എയ്ഡഡ് സ്കൂളുകളിലെയും 465 അൺ എയ്ഡഡ് സ്കൂളുകളിലെയും മുഴുവൻ വിദ്യാർത്ഥികളും ഉപരിപഠനത്തിന് അർഹത നേടി. 856 സർക്കാർ സ്കൂളുകളും 1,034 എയ്ഡഡ് സ്കൂളുകളും 441 അൺ എയ്ഡഡ് സ്കൂളുകളും നൂറ് ശതമാനം വിജയം നേടി. ആകെ 2,331 സ്കൂളുകൾ നൂറ് ശതമാനം വിജയം നേടി. സർക്കാർ സ്കൂളായ ജി.ബി.എച്ച്.എസ്.എസ് തിരൂരും (728), എയ്ഡഡ് സ്കൂളായ എ.കെ.എൻ.എച്ച്.എസ്.എസ് കോട്ടൂരും (1,455), അൺഎയ്ഡഡ് സ്കൂളായ സെന്റ് ജോസഫ് മോഡൽ എച്ച്.എസ്.എസ് കുരിയച്ചിറയും (242) ആണ് ഏറ്റവും കൂടുതൽ കുട്ടികളെ പരീക്ഷയ്ക്കിരുത്തി നൂറു ശതമാനം വിജയം നേടിയ സ്കൂളുകൾ.

വി.കെ.എൻ.എം.വി.എച്ച്.എസ്.എസ് വയ്യാറ്റുപുഴയാണ് വിജയ ശതമാനം (66.67) ഏറ്റവും കുറഞ്ഞ എയ്ഡഡ് സ്കൂൾ. വിജയ ശതമാനം (73.68) ഏറ്റവും കുറഞ്ഞ സർക്കാർ സ്കൂൾ ഗവ. എച്ച്.എസ്. കരിക്കകം ആണ്.

ഉത്തര കടലാസുകളുടെ പുനർമൂല്യനിർണ്ണയം, സൂക്ഷ്മ പരിശോധന, ഫോട്ടോകോപ്പി എന്നിവയ്ക്ക് മെയ് 12 മുതൽ 17 വരെ ഓൺലൈനായി അപേക്ഷ നൽകണം. ഉപരിപഠനത്തിന് അർഹത നേടാത്ത റെഗുലർ വിഭാഗം വിദ്യാർത്ഥികൾക്കുള്ള സേ പരീക്ഷ മെയ് 28 മുതൽ ജൂൺ 2 വരെ നടത്തി ജൂൺ അവസാന വാരം ഫലം പ്രഖ്യാപിക്കും. ഉപരിപഠനത്തിന് യോഗ്യത നേടാത്ത വിദ്യാർത്ഥികൾക്ക് പരമാവധി 3 വിഷയങ്ങൾക്ക് വരെ സേ പരീക്ഷ എഴുതാവുന്നതാണ്. 2025 മാർച്ച് പരീക്ഷയിൽ ഉപരിപഠനത്തിന് അർഹത നേടിയവരുടെ സർട്ടിഫിക്കറ്റുകൾ ജൂൺ ആദ്യവാരം മുതൽ ഡിജിലോക്കറിൽ ലഭ്യമാക്കും.

എസ്.എസ്.എൽ.സി പരീക്ഷയുടെ മാർക്ക്ഷീറ്റ് കുട്ടികൾക്ക് നേരിട്ട് നൽകുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. പരീക്ഷാഫലം പ്രഖ്യാപിച്ച് മൂന്ന് മാസങ്ങൾക്ക് ശേഷം പരീക്ഷാ സെക്രട്ടറിയുടെ പേരിൽ 500 രൂപയുടെ ഡി.ഡി സഹിതം പരീക്ഷാ ഭവനിൽ അപേക്ഷ സമർപ്പിയ്ക്കുന്നവർക്ക് മാർക്ക്ഷീറ്റ് ലഭിക്കും. 2025 ലെ ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ സേ പരീക്ഷയുടെ ഫലപ്രഖ്യാപനം കൂടി കഴിഞ്ഞ് ജൂൺ മൂന്നാം വാരം മുതൽ ലഭ്യമാകുമെന്നും മന്ത്രി അറിയിച്ചു. പരീക്ഷാ ഫലം മന്ത്രി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജിന് കൈമാറി. പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# വിമാനത്താവളങ്ങളിൽ കനത്ത സുരക്ഷ; യാത്രക്കാർ മൂന്ന് മണിക്കൂർ മുമ്പെങ്കിലും എത്തണം

ന്യൂഡൽഹി: ഇന്ത്യ-പാക് സംഘർഷങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ യാത്രക്കാർ വിമാനം പുറപ്പെടേണ്ട സമയത്തിന് മൂന്ന് മണിക്കൂർ മുമ്പെങ്കിലും വിമാനത്താവളത്തിൽ എത്തിച്ചേരണമെന്ന് വിമാനക്കമ്പനികൾ.

എയർ ഇന്ത്യ, ഇൻഡിഗോ, സ്പൈസ് ജെറ്റ് ഉൾപ്പെടെയുള്ള കമ്പനികളാണ് യാത്രക്കാർക്കുള്ള നിർദേശം പുറപ്പെടുവിച്ചിരിക്കുന്നത്.വിമാനത്താവളങ്ങളിലെ നടപടിക്രമങ്ങൾ ശക്തമാക്കാൻ ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റിയുടെ (ബിസിഎഎസ്) ഉത്തരവ് കണക്കിലെടുത്ത്, സുഗമമായ ചെക്ക്-ഇൻ, ബോർഡിംഗ് എന്നിവ ഉറപ്പാക്കാനാണ് വിമാനക്കമ്പനികൾ നിർദേശം പുറപ്പെടുവിച്ചിരിക്കുന്നത്.

സുരക്ഷ വർധിപ്പിക്കുന്നതിൻറെ ഭാഗമായി ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി വിമാനത്താവളങ്ങളുടെ ടെർമിനൽ കെട്ടിടത്തിലേക്ക് സന്ദർശകർ പ്രവേശിക്കുന്നത് നിരോധിച്ചിട്ടുണ്ട്.സുരക്ഷാ ക്രമീകരണങ്ങൾ മെച്ചപ്പെടുത്തുന്നതിൻറെ ഭാഗമായി എല്ലാ വിമാനങ്ങൾക്കും സെക്കൻഡറി ലാഡർ പോയിൻറ് പരിശോധനയും നിർബന്ധമാക്കിയിട്ടുണ്ട്.

വിമാനത്തിൽ കയറുന്നതിന് തൊട്ടുമുമ്പ് യാത്രക്കാരെയും അവരുടെ ഹാൻഡ് ബാഗേജും വീണ്ടും പരിശോധിക്കുന്ന രീതിയാണിത്. പ്രാഥമിക സുരക്ഷാ പരിശോധനകൾക്ക് പുറമേയാണിത്.

ജമ്മുവിനെയും പടിഞ്ഞാറൻ അതിർത്തിക്കടുത്തുള്ള സൈനിക കേന്ദ്രങ്ങളെയും ലക്ഷ്യമിട്ട് പാക്കിസ്ഥാൻ നടത്തിയ വ്യോമാക്രമണങ്ങൾ ഇന്ത്യയുടെ വ്യോമ പ്രതിരോധ സംവിധാനങ്ങൾ വിജയകരമായി പരാജയപ്പെടുത്തിയതിന് ശേഷമാണ് ബിസിഎഎസ് നിർദേശം.

സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ മേയ് 10 വരെ രാജ്യത്തെ 27 വിമാനത്താവളങ്ങൾ അടച്ചിരുന്നു. ഇതോടെ വ്യാഴാഴ്ച ആഭ്യന്തര വിമാനക്കമ്പനികൾക്ക് വ്യാഴാഴ്ച 430 വിമാനങ്ങളാണ് റദ്ദാക്കേണ്ടിവന്നത്. ബുധനാഴ്ച മുന്നൂറിലധികം വിമാനങ്ങൾ റദ്ദാക്കിയിരുന്നു.

# വീട്ടിൽ നിന്നും പണം കണ്ടെത്തിയ സംഭവം; ജസ്റ്റീസ് യശ്വന്ത് വർമയെ ഇംപീച്ച് ചെയ്യാൻ ചീഫ് ജസ്റ്റീസിൻെറ ശിപാർശ

ന്യൂഡൽഹി: ഔദ്യോഗിക വസതിയിൽനിന്ന് വൻതോതിൽ പണം കണ്ടെത്തിയതിനെത്തുടർന്ന് അന്വേഷണം നേരിട്ട ഡൽഹി ഹൈക്കോടതി ജഡ്ജിയായിരുന്ന ജസ്റ്റീസ് യശ്വന്ത് വർമയെ ഇംപീച്ച് ചെയ്യാൻ സുപ്രീംകോടതി ചീഫ് ജസ്റ്റീസ് സഞ്ജീവ് ഖന്ന ശിപാർശ ചെയ്തതായി റിപ്പോർട്ട്.

പണം കണ്ടെത്തിയ സംഭവത്തിൽ സുപ്രീംകോടതി നിയോഗിച്ച ആഭ്യന്തര അന്വേഷണ സമിതിയുടെ റിപ്പോർട്ടും അതിന് ജസ്റ്റീസ് വർമ നൽകിയ മറുപടിയും സഹിതമാണ് രാഷ്ട്രപതി ദ്രൗപദി മുർമുവിനും പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും ചീഫ് ജസ്റ്റീസ് കത്തെഴുതിയത്.

ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ചീഫ് ജസ്റ്റീസ് സഞ്ജീവ് ഖന്ന, ആരോപണവിധേയനായ ജസ്റ്റിസ് യശ്വന്ത് വർമയോട് മറുപടി തേടിയിരുന്നു.

രാജി സമർപ്പിക്കുക അല്ലെങ്കിൽ കുറ്റവിചാരണ നേരിടേണ്ടി വരുമെന്ന കാര്യവും സൂചിപ്പിച്ചിരുന്നു. എന്നാൽ സംഭവത്തിൽ തനിക്ക് പങ്കില്ലെന്ന നിലപാട് ആവർത്തിച്ച ജസ്റ്റിസ് വർമ, രാജിവെക്കാൻ തയാറല്ലെന്നും അറിയിച്ചു. ഇതേതുടർന്നാണ് ചീഫ് ജസ്റ്റീസ് ഇംപീച്ച്മെൻറ് നടപടികൾക്ക് ശിപാർശ ചെയ്തത്.

ഡൽഹി ഹൈക്കോടതി ജഡ്ജിയായിരുന്ന ജസ്റ്റീസ് യശ്വന്ത് വർമയുടെ വസതിയിൽ മാർച്ച് 14ന് രാത്രി തീപ്പിടിത്തമുണ്ടായത് അണയ്ക്കുന്നതിനിടെയാണ് ചാക്കുകളിലാക്കിയനിലയിൽ പണം കണ്ടെത്തിയത്.

സംഭവം ഏറെ വിവാദമായതിന് പിന്നാലെ ജസ്റ്റീസ് വർമയെ പിന്നീട് അലഹാബാദ് ഹൈക്കോടതിയിലേക്ക് സ്ഥലംമാറ്റിയെങ്കിലും ജുഡീഷ്യൽ നടപടികളിൽനിന്ന് മാറ്റിനിർത്തിയിരിക്കുകയാണ്.

# മധ്യപ്രദേശിൽ പോലീസ് ഉദ്യോഗസ്ഥരുടെ അവധി റദ്ദാക്കി

ഭോപ്പാൽ: ഇന്ത്യ-പാക് സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ മധ്യപ്രദേശിൽ പോലീസ് ഉദ്യോഗസ്ഥരുടെ അവധികൾ റദ്ദാക്കി. മധ്യപ്രദേശ് പോലീസ് ആസ്ഥാനത്തു നിന്നാണ് നിർദേശം വന്നത്.

ഏത് അടിയന്തര സാഹചര്യവും നേരിടാൻ സജ്ജരായിരിക്കാൻ എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും (എസ്പി) പോലീസ് മേധാവി കർശന നിർദേശം നൽകിയിട്ടുണ്ട്. ആഭ്യന്തര സുരക്ഷ അവലോകനം ചെയ്യുന്നതിനും പ്രത്യേക മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഡിജിപി കൈലാഷ് മക്വാന ഇന്ന് എല്ലാ എസ്പിമാരുമായും വീഡിയോ കോൺഫറൻസ് നടത്തും.ജില്ലാതല പോലീസ് പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. ഗ്രാമങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താൻ പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിരന്തരം സജ്ജമായിരിക്കണമെന്ന് സൈബർ പോലീസിനും നിർദേശമുണ്ട്.ഇൻഡോറിൽ, ക്രമസമാധാന പാലനത്തിനായി ഭാരതീയ നാഗരിക് സുരക്ഷാ സംഹിത (ബിഎൻഎസ്എസ്) സെക്ഷൻ 163 പ്രകാരം ജില്ലാ ഭരണകൂടം നിരോധനാജ്ഞ ഏർപ്പെടുത്തിയിട്ടുണ്ട്.

ഇൻഡോറിൽ മുൻകൂർ അനുമതിയില്ലാതെ മതപരവും രാഷ്ട്രീയവും സാമൂഹികവുമായ പരിപാടികൾ ഉൾപ്പെടെ എല്ലാ പൊതുസമ്മേളനങ്ങളും നിരോധിച്ചതായി ഇൻഡോർ പോലീസ് കമ്മീഷണർ സന്തോഷ് കുമാർ സിംഗ് അറിയിച്ചു.

# പാക് വെടിവയ്പ്പ്; ജവാന് വീരമൃത്യു

ശ്രീനഗർ: നിയന്ത്രണരേഖയിലെ പാക് വെടിവയ്പ്പിൽ ജവാന് വീരമൃത്യു. ആന്ധ്രാപ്രദേശിലെ ശ്രീ സത്യസായി ജില്ലയിലെ ഗൊറാൻറല മണ്ഡലത്തിലെ പുട്ടഗുണ്ടലപള്ളെ ഗ്രാമത്തിലെ എം. മുരളി നായിക്(27) ആണ് മരിച്ചത്.ജമ്മുകാഷ്മീരിലെ നിയന്ത്രണരേഖയിലായിരുന്നു മുരളി നായിക് സേവനം ചെയ്തിരുന്നത്. ഗുരുതരമായി പരിക്കേറ്റ മുരളി നായിക്കിനെ ഡൽഹിയിലേക്ക് വിമാനത്തിൽ കൊണ്ടുപോകാൻ ഒരുങ്ങുന്നതിനിടെയാണ് മരണംസംഭവിച്ചത്.ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡുവും ഗവർണർ എസ്. അബ്ദുൾ നസീറും മരണത്തിൽ അനുശോചനം അറിയിച്ചു. മുരളി നായിക്കിൻറെ മൃതദേഹം ശനിയാഴ്ച വീട്ടിലെത്തിക്കും.

# ടെറിട്ടോറിയൽ ആർമിയുടെ സേവനം ഉപയോഗിക്കാൻ തീരുമാനം; പ്രതിരോധ മന്ത്രാലയം ഉത്തരവിറക്കി

ന്യൂഡൽഹി: ഇന്ത്യ-പാക് സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ ടെറിട്ടോറിയൽ ആർമിയുടെ സേവനം ഉപയോഗിക്കാൻ കരസേനയ്ക്ക് അനുമതി.

ഇതുസംബന്ധിച്ച് അനുമതി പ്രതിരോധ മന്ത്രാലയം സംയുക്ത സൈനിക മേധാവിക്ക് നൽകി.1948 ലെ ടെറിട്ടോറിയൽ ആർമി നിയമങ്ങളിലെ റൂൾ 33 അനുസരിച്ച് 2025 മേയ് ആറിന് പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം,

ടെറിട്ടോറിയൽ ആർമിയിലെ ഉദ്യോഗസ്ഥരെയും എൻറോൾ ചെയ്ത ഉദ്യോഗസ്ഥരെയും ആവശ്യാനുസരണം ഗാർഡ് ഡ്യൂട്ടിക്കോ അല്ലെങ്കിൽ സായുധ സേനയെ പിന്തുണയ്ക്കുന്നതിനോ വിളിക്കാൻ അനുമതി നൽകിയതതായാണ് പ്രതിരോധ മന്ത്രാലയം പുറത്തിറക്കിയ കുറിപ്പിൽ പറയുന്നത്.

# ജമ്മുവിൽ പുലർച്ചെയും പാക് ഡ്രോൺ ആക്രമണം; ഒമർ അബ്ദുള്ള ജമ്മുവിലേക്ക്

ശ്രീനഗർ: ജമ്മു കാഷ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ള പുലർച്ചെ പാക് ഡ്രോൺ ആക്രമണമുണ്ടായ ജമ്മുവിലേക്ക്. സ്ഥിതിഗതികൾ വിലയിരുത്താനായി താൻ ജമ്മുവിലേക്ക് പോകുന്നതായി അദ്ദേഹം സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു.റോഡ് മാർഗമാണ് ഒമർ അബ്ദുള്ള ജമ്മുവിലേക്ക് യാത്രതിരിച്ചിരിക്കുന്നത്. അദ്ദേഹം ഔദ്യോഗിക വാഹനത്തിൽ യാത്രചെയ്യുന്ന ചിത്രവും എക്സിൽ പങ്കുവച്ചിട്ടുണ്ട്.അതേസമയം ജമ്മുവിൽ പുലർച്ചെ വീണ്ടും പാക്കിസ്ഥാൻറെ ഡ്രോൺ ആക്രമണമുണ്ടായി. പാക് ഡ്രോണുകൾ ഇന്ത്യൻ സൈന്യം തകർത്തതായാണ് വിവരം.ഡ്രോൺ ആക്രമണം പ്രതിരോധിക്കാൻ വ്യോമ പ്രതിരോധ സംവിധാനങ്ങൾ സൈന്യം പ്രവർത്തിപ്പിച്ചു. ജമ്മുവിൽ കനത്ത ജാഗ്രത തുടരുകയാണ്.

# സൈബർ സുരക്ഷ; ബാങ്കുകളുടെ യോഗം വിളിച്ച് കേന്ദ്ര ധനമന്ത്രി

ന്യൂഡൽഹി: ഇന്ത്യ-പാക് സംഘർഷം രൂക്ഷമാകുന്നതിനിടെ ബാങ്കുകളുടെ യോഗം വിളിച്ച് കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമൻ. പൊതു, സ്വകാര്യ ബാങ്കുകൾ, ആർബിഐ, എൻപിസിഐ, സ്റ്റോക്ക് എക്സ്ചേഞ്ചുകൾ, ഇന്ത്യൻ കമ്പ്യൂട്ടർ എമർജൻസി ടീം എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കും. ഇന്ത്യൻ ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും നേരെ പാക് സൈബർ ആക്രമണം ഉണ്ടാകാനുള്ള സാധ്യത മുൻകൂട്ടി കണ്ടാണ് നീക്കം. ഇന്ന് വൈകിട്ടാണ് യോഗം. ഇന്ത്യയുടെ സൈബർ റെസ്പോൺസ് ടീമുകളും യോഗത്തിൽ പങ്കെടുക്കും.ഓപ്പറേഷൻ സിന്ദൂറിന് ശേഷം രാജ്യത്തെ പല സുപ്രധാന കേന്ദ്രങ്ങളെയും പാക് ഹാക്കർമാർ ലക്ഷ്യംവച്ചിരുന്നു. ഈ സാഹചര്യത്തിൽ സുരക്ഷ വർധിപ്പിക്കാനുള്ള മുൻകരുതലിൻറെ ഭാഗമായാണ് യോഗം ചേരുക.

# പാക്കിസ്ഥാന് സാമ്പത്തിക പ്രഹരമേൽപ്പിക്കാൻ ഇന്ത്യ; വായ്പ നൽകുന്നത് ഐഎംഎഫിൽ എതിർക്കും

ന്യൂഡൽഹി: പാക്കിസ്ഥാന് സാമ്പത്തികമായും പ്രഹരമേൽപ്പിക്കാനൊരുങ്ങി ഇന്ത്യ. ഐഎംഎഫിൽനിന്ന് അടക്കം പാക്കിസ്ഥാന് ലഭിക്കുന്ന സഹായങ്ങൾ തടയാനാണ് ശ്രമം.

പാക്കിസ്ഥാന് ഏകദേശം 10,000 കോടി രൂപയിലധികം വായ്പ നൽകുന്നത് അവലോകനം ചെയ്യാൻ ഇന്ന് ഐഎംഎഫ് ബോർഡ് യോഗം ചേരും. ഈ സാഹചര്യത്തിലാണ് ഇന്ത്യയുടെ നീക്കം.യോഗത്തിൽ ഇന്ത്യ ഇക്കാര്യത്തിൽ എതിർപ്പ് അറിയിക്കും. പാക്കിസ്ഥാന് ലഭിക്കുന്ന വായ്പാതുക പോകുന്നത് ഭീകരസംഘടനകളിലേക്കാണെന്ന് ഇന്ത്യ ചൂണ്ടിക്കാട്ടും.ഇതിന് പുറമെ പാക്കിസ്ഥാനെ ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സിൻറെ ഗ്രേ ലിസ്റ്റിൽ കൊണ്ടുവരാനും ഇന്ത്യ നീക്കം തുടങ്ങി. ആഗോളതലത്തിൽ കള്ളപ്പണം വെളുപ്പിക്കൽ, തീവ്രവാദ ധനസഹായം എന്നിവ നിരീക്ഷിക്കുന്ന സംഘടനയാണ് എഫ്എടിഎഫ്. ഗ്രേ ലിസ്റ്റിൽ ഉൾപ്പെടുത്തിയാൽ പാക്കിസ്ഥാനിലേക്കുള്ള വിദേശ നിക്ഷേപങ്ങളിലും മൂലധന വരവിലും കടുത്ത നിയന്ത്രണം വരും.

# ഇന്ത്യ-പാക് സംഘർഷം; ഐപിഎൽ മത്സരങ്ങൾ റദ്ദാക്കി

ന്യൂഡൽഹി: ഇന്ത്യ-പാക്കിസ്ഥാൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ ഐപിഎൽ മത്സരങ്ങൾ റദ്ദാക്കി. കേന്ദ്രത്തിൻറേതാണ് തീരുമാനം. കളിക്കാരുടെ സുരക്ഷ കണക്കിലെടുത്താണ് നടപടി.

ഐപിഎല്ലിൽ വ്യാഴാഴ്ച ഹിമാചൽപ്രദേശിലെ ധരംശാലയിൽ നടന്ന പഞ്ചാബ് കിംഗ്സ്-ഡൽഹി ക്യാപ്റ്റൽസ് മത്സരം അതിർത്തിയിലെ സംഘർഷത്തെത്തുടർന്ന് പൂർത്തിയാക്കാനാവാതെ ഉപേക്ഷിച്ചിരുന്നു.

ഡൽഹിക്കെതിരെ പഞ്ചാബ് ബാറ്റിംഗ് തുടരവെയാണ് മാച്ച് ഒഫീഷ്യൽസിന് അതിർത്തി ജില്ലകളിലെ പാക് ആക്രമണത്തിൻറെ അറിയിപ്പ് ലഭിച്ചത്. പിന്നാലെ ഗ്രൗണ്ടിലെ ഫ്ലഡ് ലൈറ്റുകൾ ഓഫായി. ഉടൻ മത്സരവും നിർത്തിവച്ചു.

ഈ സമയം മത്സരം കാണാനായി പതിനായിരക്കണക്കിന് ക്രിക്കറ്റ് ആരാധകർ സ്റ്റേഡിയത്തിലുണ്ടായിരുന്നു. എന്നാൽ കാണികൾ ഉടൻ സ്റ്റേഡിയം വിടണമെന്ന് പിന്നാലെ ഉദ്യോഗസ്ഥർ അറിയിച്ചതോടെയാണ് കാര്യങ്ങളുടെ ഗൗരവം എല്ലാവർക്കും ബോധ്യപ്പെട്ടത്.

ഇതിന് പിന്നാലെ ഐപിഎൽ ചെയർമാൻ അരുൺ ധുമാൽ തന്നെ നേരിട്ട് ഗ്രൗണ്ടിലിറങ്ങി ആരാധകരെ സാഹചര്യം ബോധ്യപ്പെടുത്തി.

# പാക്കിസ്ഥാൻ മിസൈൽ അവശിഷ്ടങ്ങൾ പഞ്ചാബിൽ കണ്ടെത്തി

ന്യൂഡൽഹി: പഞ്ചാബിലെ ഹോഷിയാർപൂരിൽ പാക്കിസ്ഥാൻ മിസൈലിൻറെ അവശിഷ്ടങ്ങൾ കണ്ടെത്തി. ഹോഷിയാർപൂരിയിൽ കുന്നിൻ പ്രദേശത്തുനിന്നാണ് മിസൈൽ ഭാഗങ്ങൾ കണ്ടെത്തിയത്. വിവരം ലഭിച്ചയുടനെ പ്രാദേശിക പോലീസ് സ്ഥലത്തെത്തി. ജനങ്ങളോട് വീടിനുള്ളിൽ തന്നെ തുടരാൻ ഭരണകൂടം ആവശ്യപ്പെട്ടു.

ഇന്ത്യ വെടിവെച്ചിട്ട പാക്കിസ്ഥാൻറെ മിസൈൽ ഭാഗമാണ് കണ്ടെത്തിയത്. ഇന്ത്യൻ നഗരങ്ങളെ ലക്ഷ്യമിട്ട് പാകിസ്ഥാൻ നടത്തിയ ശ്രമങ്ങളെയെല്ലാം വ്യാഴാഴ്ച രാത്രി സൈന്യം പരാജയപ്പെടുത്തിയിരുന്നു.

# ചണ്ഡീഗഡിലും പഞ്ച്കുളയിലും സൈറൺ മുഴങ്ങി; വ്യോമാക്രമണത്തിന് സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ്

ന്യൂഡൽഹി: അതിർത്തിയിൽ സംഘർഷം രൂക്ഷമാകുന്നതിനിടെ പഞ്ചാബിലെ ചണ്ഡീഗഡിലും ഹരിയാനയിലെ പഞ്ച്കുളയിലും സുരക്ഷാ മുന്നറിയിപ്പ് മുഴങ്ങി. വ്യോമസേനാ കേന്ദ്രത്തിൽ നിന്നുമാണ് നഗരത്തിലുടനീളം സൈറൺ മുഴങ്ങിയത്.പ്രദേശവാസികൾ വീടിന് പുറത്തിറങ്ങരുതെന്നും വ്യോമാക്രമണത്തിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്. ആളുകൾ വീടിനുള്ളിൽ തന്നെ തുടരാനും ബാൽക്കണി, ജനാലകൾ, ഗ്ലാസ് പാളികൾ എന്നിവയിൽ നിന്ന് അകന്നു നിൽക്കാനും നിർദേശമുണ്ട്

.സൈറണുകളെ തുടർന്ന് ഹൈക്കോടതിയിലെ പ്രവർത്തനങ്ങൾ നിർത്തിവച്ചു. ജഡ്ജിമാർ അടിയന്തര കേസുകൾ കേൾക്കുന്നത് തുടർന്നെങ്കിലും, മുൻകരുതൽ നടപടിയായി അഭിഭാഷകർ ജോലിയിൽ നിന്നും വിട്ടുനിന്നു.വ്യാഴാഴ്ച രാത്രി ചണ്ഡീഗഡിലുടനീളം അടിയന്തര വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയതിന് മണിക്കൂറുകൾക്ക് ശേഷമാണ് ഈ മുന്നറിയിപ്പ് വരുന്നത്. വ്യോമാക്രമണ സൈറണുകൾ മുഴങ്ങുകയും രാത്രി 9.30 ഓടെ വൈദ്യുതി വിച്ഛേദിക്കുകയും ചെയ്തിരുന്നു.

# കനത്ത ഷെല്ലാക്രമണം; ജയ്സാൽമീരിൽ മലയാള സിനിമാ സംഘത്തിനും പ്രതിസന്ധി

ജയ്പൂർ: രാജസ്ഥാനിലെ ജയ്സാൽമീരിൽ മലയാള സിനിമാ ഷൂട്ടിംഗ് സംഘത്തിനും പ്രതിസന്ധി. 200 പേരടങ്ങുന്ന സിനിമാ സംഘമാണ് ജയ്സാൽമീരിൽ ഉള്ളത്. മേഖലയിൽ ഷെല്ലാക്രമണം ശക്തമായതോടെ ഷൂട്ടിംഗ് നിർത്തി സംഘം ഇവിടെനിന്ന് മടങ്ങുകയാണ്.

റോഡുമാർഗം അഹമ്മദാബാദ് എത്തിയ ശേഷം അവിടെനിന്ന് കൊച്ചിയിലേക്ക് തിരിക്കും. സംജാദ് സംവിധാനം ചെയ്യുന്ന ഹാഫ് സിനിമയുടെ ചിത്രീകരണത്തിനായാണ് സംഘം ഇവിടെ എത്തിയത്. രഞ്ജിത്ത് സജീവ് നായകനാകുന്ന ചിത്രത്തിൽ ഐശ്വര്യയാണ് (ഓഫീസർ ഓൺ ഡ്യൂട്ടി ഫെയിം) നായിക.

ഐശ്വര്യ അടക്കമുള്ളവർ സംഘത്തിനൊപ്പമുണ്ട്. 90 ദിവസത്തെ ഷൂട്ടിംഗിനാണ് സംഘം ഇവിടെയെത്തിയത്. പത്ത് ദിവസത്തെ ചിത്രീകരണം മാത്രമാണ് ഇതുവരെ പൂർത്തിയായത്.

# കനത്ത ഷെല്ലാക്രമണം; പഞ്ചാബിൽ 200ൽ അധികം മലയാളി വിദ്യാർഥികൾ ആശങ്കയിൽ

അമൃതസർ: ഇന്ത്യ-പാക് സംഘർഷം രൂക്ഷമാകുന്ന പശ്ചാത്തലത്തിൽ പഞ്ചാബിലെ കപൂർത്തലയിൽ 200ൽ അധികം മലയാളി വിദ്യാർഥികൾ ആശങ്കയിൽ. ലൗലി സർവകലാശാലയിൽ പഠിക്കുന്ന വിദ്യാർഥികളാണ് ഇവിടെ കുടുങ്ങിയത്.മേഖലയിൽ ഷെല്ലാക്രമണം ശക്തമായതോടെ പലരും നാട്ടിലേക്ക് മടങ്ങുകയാണ്. 40 വിദ്യാർഥികൾ ഇന്ന് റോഡുമാർഗം ഡൽഹിയിലേക്ക് തിരിക്കും. അവിടെനിന്ന് വിമാനമാർഗം ചെന്നൈയിലെത്തിയ ശേഷം നാട്ടിലേക്ക് എത്താനാണ് ആലോചിക്കുന്നത്.പരീക്ഷ ഓൺലൈനാക്കാമെന്ന് സർവകലാശാലയുടെ ഭാഗത്തുനിന്ന് അറിയിപ്പ് ലഭിച്ചതോടെയാണ് നാട്ടിലേക്ക് മടങ്ങാൻ തീരുമാനിച്ചതെന്ന് വിദ്യാർഥികൾ പറഞ്ഞു.

# ജമ്മുവിൽ നുഴഞ്ഞുകയറ്റ ശ്രമം; ഏഴ് ഭീകരരെ വധിച്ചു

ശ്രീനഗർ: ജമ്മുവിൽ ഭീകരരുടെ നുഴഞ്ഞുകയറ്റ ശ്രമം സൈന്യം പരാജയപ്പെടുത്തി. സാംബ സെക്ടറിലൂടെ നുഴഞ്ഞുകയറാൻ ശ്രമിച്ച ഏഴ് ഭീകരരെ സൈന്യം വധിച്ചു.

കൊല്ലപ്പെട്ടവർ ജെയ്ഷെ-ഇ-മുഹമ്മദ് ഭീകരരാണെന്നാണ് റിപ്പോർട്ട്. പന്ത്രണ്ടോളം ഭീകരരാണ് സംഘത്തിൽ ഉണ്ടായിരുന്നത്. മറ്റുള്ളവർ പാക്കിസ്ഥാൻ അതിർത്തി കടന്ന് രക്ഷപെട്ടെന്നാണ് സൂചന.

അതേസമയം ഇന്ത്യ-പാക് സംഘർഷം രൂക്ഷമായ പശ്ചാത്തലത്തിൽ പ്രതിരോധമന്ത്രി രാജ്നാഥ് സിംഗിൻറെ നേതൃത്വത്തിൽ ഉന്നതതലയോഗം ചേർന്നു. ഡൽഹിയിൽ ചേർന്ന യോഗത്തിൽ സംയുക്ത സൈനിക മേധാവി അനിൽ ചൗഹാനും മൂന്ന് സൈനിക മേധാവിമാരും പങ്കെടുത്തു.

പ്രതിരോധ മന്ത്രി ഉടൻ തന്നെ പ്രധാനമന്ത്രിയെ വസതിയിൽ ചെന്നുകാണുമെന്നാണ് റിപ്പോർട്ട്. അദ്ദേഹം സ്ഥിതിഗതികൾ പ്രധാനമന്ത്രിയെ ധരിപ്പിക്കും.

# ജമ്മുകാഷ്മീരിൽ നിന്നും ഡൽഹിയിലേക്ക് പ്രത്യേക ട്രെയിൻ സർവീസുകൾ ആരംഭിച്ചു

ശ്രീനഗർ: ജമ്മുകാഷ്മീരിൽ നിന്നും പ്രത്യേക ട്രെയിൻ സർവീസുകൾ ആരംഭിച്ചു. ജമ്മുവിൽ നിന്നും പ്രത്യേക ട്രെയിൻ 10.45ന് പുറപ്പെടും. ഉദംപൂരിൽ നിന്നും വന്ദേഭാരത് ട്രെയിൻ 12.45ന് പുറപ്പെടും. ഉദംപൂരിൽ നിന്നും ഏഴിന് പ്രത്യേക ട്രെയിൻ സർവീസുണ്ട്.അതേസമയം, സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ പ്രതിരോധമന്ത്രി രാജ്നാഥ് സിംഗിൻറെ നേതൃത്വത്തിൽ ഉന്നതതലയോഗം ചേർന്നു. ഡൽഹിയിൽ ചേർന്ന യോഗത്തിൽ സംയുക്ത സൈനിക മേധാവി അനിൽ ചൗഹാനും മൂന്ന് സൈനിക മേധാവിമാരും പങ്കെടുത്തു.പ്രതിരോധ മന്ത്രി ഉടൻതന്നെ പ്രധാനമന്ത്രിയെ വസതിയിൽ ചെന്നുകാണുമെന്നാണ് റിപ്പോർട്ട്. അദ്ദേഹം സ്ഥിതിഗതികൾ പ്രധാനമന്ത്രിയെ ധരിപ്പിക്കും.

# അംബാലയിൽ മുന്നറിയിപ്പ് സൈറൺ മുഴങ്ങി; ജാഗ്രതാ നിർദേശം

അംബാല: പാക് വ്യോമക്രമണ സാധ്യതയുടെ പശ്ചാത്തലത്തിൽ ഹരിയാനയിലെ അംബാലയിൽ മുന്നറിയിപ്പ് സൈറൺ മുഴങ്ങി. ഇന്ത്യൻ വ്യോമസേനാ സ്റ്റേഷനിൽ നിന്നുമാണ് മുന്നറിയിപ്പ് ലഭിച്ചത്.മുന്നറിയിപ്പിൻറെ പശ്ചാത്തലത്തിൽ ആളുകളോട് വീടിനുള്ളിൽ തന്നെ തുടരാനും ബാൽക്കണികളിൽ നിന്ന് അകന്നു നിൽക്കാനും ജില്ലാ ഭരണകൂടം നിർദ്ദേശിച്ചു.രാവിലെ 10.20 ഓടെയാണ് ജാഗ്രതാ നിർദേശം നൽകിയതെന്ന് വൃത്തങ്ങൾ അറിയിച്ചു.നേരത്തെ, ചണ്ഡീഗഡിലും പഞ്ച്കുളയിലും സൈറൺ മുഴങ്ങിയിരുന്നു. പിന്നീട് ഈ മുന്നറിയിപ്പുകൾ പിൻവലിച്ചു.

# സമൂഹമാധ്യങ്ങളിലെ ദേശവിരുദ്ധ പ്രചാരണം; നടപടിക്ക് കേന്ദ്ര നിർദേശം

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂറിന് പിന്നാലെ സാമൂഹ്യമാധ്യമങ്ങളിൽ നിരീക്ഷണം വർധിപ്പിക്കാൻ സംസ്ഥാനങ്ങൾക്ക് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻെറ നിർദേശം. സാമൂഹിക, ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലെ ദേശവിരുദ്ധ പ്രചാരണങ്ങൾ നിരീക്ഷിക്കാനും തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനെതിരെ വേഗത്തിൽ നടപടിയെടുക്കാനുമാണ് നിർദേശം. എല്ലാ സംസ്ഥാനങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ടെന്നും കേന്ദ്രം അറിയിച്ചു. അതേസമയം ഓപ്പറേഷൻ സിന്ദൂറിൽ നൂറ് ഭീകരരെ വധിച്ചതായി പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ് വ്യക്തമാക്കി. വ്യാഴാഴ്ച നടന്ന സർവകക്ഷി യോഗത്തിലാണ് പ്രതിരോധമന്ത്രി ഇക്കാര്യം അറിയിച്ചത്. സ്ഥിതിഗതികൾ വഷളാക്കാൻ ഇന്ത്യ ആഗ്രഹിക്കുന്നില്ല. എന്നാൽ പാക്കിസ്ഥാൻ പ്രകോപിപ്പിച്ചാൽ തിരിച്ചടിക്കുമെന്നും രാജ്നാഥ് പറഞ്ഞു. പാക്കിസ്ഥാനിലെയും പാക് അധിനിവേശ കാഷ്മീരിലെയും ഒൻപത് ഭീകരപരിശീലന ക്യാമ്പുകളാണ് ഇന്ത്യ തകർത്തതെന്നും രാജ്നാഥ് വിശദീകരിച്ചിരുന്നു.

# ന്യൂഡൽഹി കേരള ഹൗസിൽ കൺട്രോൾ റൂം തുറന്നു

ന്യൂഡൽഹി കേരള ഹൗസിൽ കൺട്രോൾ റൂം തുറന്നു. ഹെൽപ്ലൈൻ നമ്പർ: 011 23747079.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA

2025 May 10 Saturday





എസ്എസ്എൽസി പരീക്ഷയ്ക്ക് മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്ക് മന്ത്രി വി ശിവൻകുട്ടി കോട്ടൺഹിൽ സ്കൂളിൽ മധുരം നൽകുന്നു

# നിപ; മുഖ്യമന്ത്രിയുടെ മലപ്പുറത്തെ പരിപാടി മാറ്റി

മലപ്പുറം: വളാഞ്ചേരിയിൽ നിപ സ്ഥിരീകരിച്ചതിനെ തുടർന്ന് മുഖ്യമന്ത്രിയുടെ മലപ്പുറത്തെ പരിപാടി മാറ്റി. തിങ്കളാഴ്ച മലപ്പുറം റോസ് ലോഞ്ച് ഓഡിറ്റോറിയത്തിൽ നടത്താനിരുന്ന മുഖ്യമന്ത്രിയുടെ ജില്ലാതല സംസ്ഥാന സർക്കാർ വാർഷിക പരിപാടിയാണ് മാറ്റി വച്ചത്.വ്യാഴാഴ്ചയാണ് വളാഞ്ചേരി സ്വദേശിയായ നാൽപത്തിരണ്ടുകാരിക്ക് രോഗം സ്ഥിരീകരിച്ചത്. ഇവർ പെരുന്തൽമണ്ണയിലെ ആശുപത്രിയിൽ ചികിത്സയിലാണ്.കടുത്ത പനിയെ തുടർന്ന് ചികിത്സയിൽ കഴിഞ്ഞിരുന്ന ഇവർക്ക് നിപ രോഗലക്ഷണങ്ങൾ കണ്ടതോടെ സ്രവ സാമ്പിൾ പരിശോധനയ്ക്ക് അയയ്ക്കുകയായിരുന്നു. കോഴിക്കോട് മൈക്രോബയോളജി ലാബിൽ നടത്തിയ പരിശോധനയിൽ രോഗമുണ്ടെന്ന് കണ്ടെത്തി.ഇതോടെ പൂനെയിലെ ലാബിലേക്ക് സ്രവ സാമ്പിൾ അയച്ചു. ഈ പരിശോധനയിൽ രോഗം സ്ഥിരീകരിക്കുകയായിരുന്നു.ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും എല്ലാ മുൻകരുതൽ നടപടികളും സ്വീകരിച്ചതായി മലപ്പുറത്ത് ചേർന്ന ഉന്നത യോഗത്തിനുശേഷം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. ആരോഗ്യവകുപ്പ് നടപടികൾ ഊർജിതമാക്കിയിട്ടുണ്ട്.നിപയുടെ ഉറവിടം കണ്ടെത്താൻ ശ്രമം തുടങ്ങിയിട്ടുണ്ട്. ഇവരുടെ റൂട്ട് മാപ്പുകൾ പുറത്തിറക്കും.

# നിപ ബാധിച്ച സ്ത്രീ ഗുരുതരാവസ്ഥയിൽ; സമ്പർക്കപട്ടികയിൽ 49 പേർ

മലപ്പുറം: നിപ ബാധിച്ച് ചികിത്സയിലുള്ള മലപ്പുറം വളാഞ്ചേരി സ്വദേശിയായ നാൽപത്തിരണ്ടുകാരി ഗുരുതരാവസ്ഥയിൽ. പെരിന്തൽമണ്ണ ഇ.എം.എസ് ആശുപത്രിയിൽ ചികിത്സയിലുള്ള ഇവർ വെൻറിലേറ്ററിലാണ്. ഇവർക്ക് മോണോക്ലോണൽ ആൻറി ബോഡി നൽകിയെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു.

അതേസമയം രോഗിയുടെ റൂട്ട്മാപ്പ് ആരോഗ്യവകുപ്പ് പുറത്തുവിട്ടിട്ടുണ്ട്. 12 കുടുംബാംഗങ്ങൾ ഉൾപ്പെടെ 49 പേരാണ് സമ്പർക്കപട്ടികയിലുള്ളത്.

ഇതിൽ ആറുപേർക്കാണ് രോഗലക്ഷണമുള്ളത്. അഞ്ചുപേർ മഞ്ചേരി മെഡി.കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഒരാൾ എറണാകുളത്ത് ഐസൊലേഷനിൽ കഴിയുകയാണ്.

നാല് ദിവസത്തിലേറെയായി പനി ഉൾപ്പെടെയുള്ള രോഗലക്ഷണങ്ങളുമായി പെരിന്തൽമണ്ണ ഇ.എം.എസ് ആശുപത്രിയിൽ ചികിത്സയിലുള്ള യുവതിക്ക് വ്യാഴാഴ്ചയാണ് നിപ സ്ഥിരീകരിക്കുന്നത്. പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയ പരിശോധനയിലാണ് രോഗം സ്ഥിരീകരിക്കുന്നത്.

വ്യാഴാഴ്ചയാണ് വളാഞ്ചേരി സ്വദേശിനിക്ക് രോഗം സ്ഥിരീകരിച്ചത്. ഇവർ പെരുന്തൽമണ്ണയിലെ ആശുപത്രിയിൽ ചികിത്സയിലാണ്.കടുത്ത പനിയെ തുടർന്ന് ചികിത്സയിൽ കഴിഞ്ഞിരുന്ന ഇവർക്ക് നിപ രോഗലക്ഷണങ്ങൾ കണ്ടതോടെ സ്രവ സാമ്പിൾ പരിശോധനയ്ക്ക് അയയ്ക്കുകയായിരുന്നു. കോഴിക്കോട് മൈക്രോബയോളജി ലാബിൽ നടത്തിയ പരിശോധനയിൽ രോഗമുണ്ടെന്ന് കണ്ടെത്തി.

ഇതോടെ പൂനെയിലെ ലാബിലേക്ക് സ്രവ സാമ്പിൾ അയച്ചു. ഈ പരിശോധനയിൽ രോഗം സ്ഥിരീകരിക്കുകയായിരുന്നു.

## തൃശൂരിൽ നിയന്ത്രണം വിട്ട കാറിടിച്ച് അപകടം; സൈക്കിൾ യാത്രികൻ മരിച്ചു

തൃശൂർ: നിയന്ത്രണം വിട്ട കാറിടിച്ച് സൈക്കിൾ യാത്രക്കാരൻ മരിച്ചു. ബംഗാൾ സ്വദേശി സ്വാഭാൻ മണ്ഡൽ(51 ) ആണ് മരിച്ചത്. കൊരട്ടി നയാര പെട്രോൾ പമ്പിന് മുന്നിലായിരുന്നു അപകടം.നിയന്ത്രണം വിട്ട കാർ സൈക്കിളിൽ ഇടിക്കുകയും തുടർന്ന് നിർത്തിയിട്ട ചരക്ക് ലോറിയുടെ പിന്നിൽ ഇടിക്കുകയുമായിരുന്നു. അപകടത്തിൽ കാർ യാത്രികർക്കും പരിക്കുണ്ട്.

പാലക്കാട് കള്ളിക്കാട് സ്വദേശികളായ നീത ഫർസിൻ(40) താറമോനി സോറിൻ (18) എന്നിവരെ കറുകുറ്റി അപ്പോളോ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പാലക്കാട് നിന്ന് എറണാകുളം ഭാഗത്തേക്ക് പോകുകയായിരുന്ന കാറാണ് അപകടമുണ്ടാക്കിയത്.

## പരുത്തിപ്പള്ളി എൽ.പി സ്കൂളിൽ വർണക്കൂടാരം ഉദ്ഘാടനം ചെയ്തു

കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ പരുത്തിപ്പള്ളി സർക്കാർ എൽ.പി. സ്കൂളിൽ നിർമാണം പൂർത്തിയാക്കിയ വർണക്കൂടാരം ജി.സ്റ്റീഫൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. ശിശു വികസനത്തിനും അവരുടെ അഭിരുചികൾ തിരിച്ചറിയാനും രൂപം കൊടുത്ത പദ്ധതിയാണ് വർണക്കൂടാരം എന്ന് എംഎൽഎ പറഞ്ഞു. കുഞ്ഞു കുട്ടികൾ സന്തോഷത്തോടെ സ്കൂളുകളിലേക്ക് എത്തണമെന്നതാണ് സർക്കാരിന്റെ ആഗ്രഹം, അത് വർണക്കൂടാരത്തിലൂടെ സാധിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി. പ്രീ- പ്രൈമറി രംഗത്ത് അന്താരാഷ്ട്ര നിലവാരമുള്ള പഠന സൗകര്യം ഒരുക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പ് സമഗ്ര ശിക്ഷ കേരളം സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പരിപാടിയാണ് വർണക്കൂടാരം. 10 ലക്ഷം രൂപ ചെലവഴിച്ചാണ് പരുത്തിപ്പള്ളി ഗവ.എൽ.പി സ്കൂളിലെ വർണക്കൂടാരത്തിന്റെ നിർമാണം പൂർത്തിയാക്കിയത്. കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി. മണികണ്ഠൻ, ജില്ലാ പഞ്ചായത്തംഗം മിനി. എ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ സ്കൂൾ ഹെഡ്മിസ്ട്രസ് ശോഭന.ജെ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## കാട്ടുപന്നിയുടെ ആക്രമണത്തിൽ ദമ്പതികൾക്ക് ഗുരുതര പരിക്ക്

തൃശൂർ: കാലടി പ്ലാൻറേഷൻ കല്ലാല എസ്റ്റേറ്റ് 14-ാം ബ്ലോക്കിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ ദമ്പതികൾക്ക് ഗുരുതര പരിക്ക്. ചുള്ളി എരപ്പ് ചീനംചിറ സ്വദേശികളായ കേക്കാടത്ത് വീട്ടിൽ കെ.എ. കുഞ്ഞുമോൻ, ഭാര്യ സുമ എന്നിവർക്കാണ് പരിക്കേറ്റത്. ഇന്ന് രാവിലെ 6.15 ഓടെയായിരുന്നു സംഭവം. ഭാര്യ സുമയെ എസ്റ്റേറ്റിൽ ജോലിക്ക് കൊണ്ടു പോകുന്നതിനിടെ ഇവർ സഞ്ചരിച്ചിരുന്ന സ്കൂട്ടറിൽ കൂട്ടമായി എത്തിയ കാട്ടുപന്നികൾ വന്ന് ഇടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ റോഡിൽ തെറിച്ച് വീണ് കുഞ്ഞുമോനും ഭാര്യ സുമയ്ക്കും ഗുരുതരമായി പരിക്കേൽക്കുകയായിരുന്നു. കുഞ്ഞുമോന് തലയ്ക്കും കൈകാലുകൾക്കും ഗുരുതരമായി പരിക്കുണ്ട്. ഇവരെ അങ്കമാലിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ കുഞ്ഞുമോനെ പ്ലാസ്റ്റിക്ക് സർജറിക്ക് വിധേയനാക്കി. ഈ മേഖലയിൽ കാട്ടാനകളുടെയും വന്യമൃഗങ്ങളുടെയും ആക്രമണം പതിവാണെന്നും ഇതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും പ്രദേശവാസികൾ ആവശ്യപ്പെട്ടു.

## കിക്ക് ഡ്രഗ്സ് സന്ദേശയാത്ര ജില്ലയിൽ 14ന് എത്തും

ലഹരി വ്യാപനം തടയുന്നതിന്റെ ഭാഗമായി കായിക വകുപ്പും സ്പോർട്സ് കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന കിക്ക് ഡ്രഗ്സ് ലഹരി വിരുദ്ധ ക്യാമ്പയിൻ മെയ് 14ന് ജില്ലയിലെത്തും. ഇതിന്റെ ഭാഗമായുള്ള ആലോചനായോഗം സബ് കലക്ടർ ആൽഫ്രഡ് ഒ.വി.യുടെ അധ്യക്ഷതയിൽ സ്പോർട്സ് കൗൺസിൽ ഹാളിൽ ചേർന്നു.

മെയ് അഞ്ചിന് കാസർഗോഡ് നിന്നാണ് ലഹരിവിരുദ്ധ സന്ദേശയാത്ര ആരംഭിച്ചത്. പുതുതലമുറയെ ലഹരിയിൽ നിന്നും മോചിപ്പിക്കുന്നതിന് കായിക മേഖലയ്ക്കുള്ള പ്രാധാന്യം മനസിലാക്കിയാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. 20 ദിവസം നീണ്ടുനിൽക്കുന്ന യാത്ര സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലൂടെയും കടന്നുപോകുന്നുണ്ട്.

തിരുവനന്തപുരത്ത് കിക്ക് ഡ്രഗ്സ് സന്ദേശയാത്ര എത്തുന്നതിന്റെ ഭാഗമായി മിനി മാരത്തോണും വാക്കത്തോണും സംഘടിപ്പിക്കുന്നു. 14ന് രാവിലെ ആറ് മണിക്ക് പാറശാലയിൽ നിന്നാരംഭിച്ച് നെയ്യാറ്റിൻകര ഗ്രാമം വരെ സംഘടിപ്പിക്കുന്ന മിനി മാരത്തോൺ സി. കെ. ഹരീന്ദ്രൻ എം.എൽ.എ ഫ്ലാഗ് ഓഫ് ചെയ്യും. തുടർന്ന് വാക്കത്തോണും സംഘടിപ്പിക്കും. വൈകിട്ട് 4 മണിയോടെ സെൻട്രൽ സ്റ്റേഡിയത്തിൽ പൊതുസമ്മേളനം ആരംഭിക്കും.

## പുളിമൂട് അങ്കണവാടി സ്മാർട്ടാകുന്നു

ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്തിലെ പുളിമൂട് 37 -ാം നമ്പർ അങ്കണവാടി സ്മാർട്ടാക്കുന്നതിന്റെ നിർമാണ ഉദ്ഘാടനം ജി.സ്റ്റീഫൻ എം.എൽ.എ നിർവഹിച്ചു. സംസ്ഥാനത്തെ എല്ലാ അങ്കണവാടികളും സ്മാർട്ടാക്കുകയാണ് സർക്കാർ ലക്ഷ്യമെന്നും, പേരിൽ മാത്രമല്ല പ്രവൃത്തിയിലും അങ്കണവാടി സ്മാർട്ട് ആകുമെന്നും എംഎൽഎ പറഞ്ഞു.

കുഞ്ഞുങ്ങൾക്ക് ശാരീരികവും ഭൗതികവുമായ വികാസത്തിന് സഹായകരമായ രീതിയിലാണ് സ്മാർട്ട് അങ്കണവാടികൾക്ക് രൂപം നൽകിയിരിക്കുന്നത്. ജി.സ്റ്റീഫൻ എംഎൽഎയുടെ ആസ്തിവികസന ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ വിനിയോഗിച്ചാണ് അങ്കണവാടി നിർമിക്കുന്നത്. ഉഴമലയ്ക്കൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജെ. ലളിത, വാർഡ് മെമ്പർ ആർ. ബിന്ദു, ജില്ലാ പഞ്ചായത്ത് അംഗം മിനി. എ, ഐ.സി.ഡി.എസ് സൂപ്പർവൈസർ ടി.സി.സന്ധ്യ, അങ്കണവാടി അധ്യാപകർ, കുട്ടികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## സൗജന്യ പഠനോപകരണ കിറ്റ് വിതരണം: തീയതി ദീർഘിപ്പിച്ചു

2025-26 അധ്യയന വർഷത്തിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ കുട്ടികൾക്ക് സൗജന്യ പഠനോപകരണ കിറ്റ് വിതരണത്തിനുള്ള അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി മെയ് 13 വരെ ദീർഘിപ്പിച്ചു . സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 7 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് കിറ്റ് നൽകുന്നത്. കൂടുതൽ വിവരങ്ങൾക്ക് 0471-2475773

## ഓഫീസ് ട്രെയിനി ഒഴിവ്

തിരുവനന്തപുരം വനിതാ പോളിടെക്നിക് കോളജിൽ പ്രവർത്തിക്കുന്ന കണ്ടിന്യൂയിങ് എജ്യൂക്കേഷൻ സെല്ലിൽ ഓഫീസ് ട്രെയിനിയുടെ ഒരു ഒഴിവിലേക്ക് മേയ് 14ന് അഭിമുഖം നടക്കും. കൊമേഴ്സ്യൽ പ്രാക്ടീസിൽ മൂന്ന് വർഷത്തെ ഡിപ്ലോമ/ കമ്പ്യൂട്ടർ എൻജിനിയറിങ്ങിലെ ഡിപ്ലോമയാണ് യോഗ്യത. ഉദ്യോഗാർഥികൾ രാവിലെ 10ന് കോളജിൽ നടക്കുന്ന അഭിമുഖത്തിൽ അസൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണം.

## അപേക്ഷ ക്ഷണിച്ചു

ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വിഴിഞ്ഞത്തെ അസാപ്പ് കമ്യൂണിറ്റി സ്കിൽ പാർക്കിൽ ബേസിക് പ്രൊഫിഷ്യൻസി കോഴ്സ് ഇൻ ഇംഗ്ലീഷ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. 10-ാം ക്ലാസ് പാസായവർക്കും കുറഞ്ഞത് 15 വയസുള്ളവർക്കുമാണ് പ്രവേശനത്തിന് അവസരം.

താത്പര്യമുള്ളവർ https://csp.asapkerala.gov.in/courses/basic-proficiency-course-in-english എന്ന ലിങ്ക് ഉപയോഗിച്ച് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: 9495999697

## റാങ്ക് പട്ടിക റദ്ദാക്കി

ജില്ലയിൽ എൻസിസി / സൈനിക ക്ഷേമ വകുപ്പിൽ സ്പെഷ്യൽ റിസർവേഷൻ കാറ്റഗറിയിൽ (എക്സ് സർവീസ്മാൻ ഓഫ് എസ്.സി/ എസ്.ടി) 26.04.2022 ന് പ്രസിദ്ധീകരിച്ച ലാസ്റ്റ് ഗ്രേഡ് സർവൻസ് (കാറ്റഗറി നമ്പർ : 260/2020) തസ്തികയുടെ 213/2022/SSV നമ്പർ റാങ്ക് പട്ടിക റദ്ദാക്കി. കാലാവധി 3 വർഷം പൂർത്തിയാകുന്നതിനാലാണ് 26.04.2025 മുതൽ റാങ്ക് പട്ടിക റദ്ദായതെന്ന് പി.എസ്.സി ജില്ലാ ഓഫീസർ അറിയിച്ചു.

# ഇന്ത്യ-പാക് സംഘർഷം; സംസ്ഥാനത്ത് കൺട്രോൾ റൂം തുറന്നു

തിരുവനന്തപുരം: ഇന്ത്യ-പാക് സംഘർഷം രൂക്ഷമായ പശ്ചാത്തലത്തിൽ സംസ്ഥാനത്തും കൺട്രോൾ റൂം തുറന്നു. ആഭ്യന്തര സെക്രട്ടറിക്കാണ് ഇത് സംബന്ധിച്ച ഏകോപന ചുമതല.

സംഘർഷമേഖലയിൽ അകപ്പെട്ടവർക്ക് കൺട്രോൾ റൂമിൽ ബന്ധപ്പെടാം. ഫാക്സ് നമ്പർ- 0481-2322600 ഫോൺ നമ്പർ - 0471-2517500/ 2517600, ഇ-മെയിൽ- [email protected]

അതേസമയം ജമ്മുവിൽ വീണ്ടും പാക്കിസ്ഥാൻറെ പ്രകോപനമുണ്ടായി. പുലർച്ചെയാണ് വീണ്ടും ഡ്രോൺ ആക്രമണമുണ്ടായത്. പാക് ഡ്രോണുകൾ ഇന്ത്യൻ സൈന്യം തകർത്തതായാണ് വിവരം.

ഡ്രോൺ ആക്രമണം പ്രതിരോധിക്കാൻ വ്യോമ പ്രതിരോധ സംവിധാനങ്ങൾ സൈന്യം പ്രവർത്തിപ്പിച്ചു. പുലർച്ചെ വീണ്ടും ഡ്രോൺ ആക്രമണം ഉണ്ടായ സാഹചര്യത്തിൽ ജമ്മുവിൽ വീണ്ടും ബ്ലാക്ക് ഔട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

# ശ്രീനഗറിൽ കുടുങ്ങി അമ്പതോളം മലയാളി വിദ്യാർഥികൾ

ശ്രീനഗർ: ഇന്ത്യ-പാക് സംഘർഷം രൂക്ഷമാകുന്ന പശ്ചാത്തലത്തിൽ ശ്രീനഗറിൽ കുടുങ്ങി മലയാളി വിദ്യാർഥികൾ. ഡിസൈനിംഗ് കോഴ്സ് ചെയ്യുന്ന അമ്പതോളം വിദ്യാർഥികളാണ് കുടുങ്ങിയത്.

അതിർത്തിയിൽ സംഘർഷം ആരംഭിച്ചപ്പോൾ തന്നെ നാട്ടിലേക്ക് പോകാൻ ഇവർ ടിക്കറ്റെടുത്തെങ്കിലും വിമാനത്താവളങ്ങൾ അടച്ചതോടെ പ്രതിസന്ധിയിലായി. റോഡ് മാർഗം ജമ്മുവിലെത്തി ട്രെയിൻ കയറി വരാൻ ശ്രമിച്ചെങ്കിലും ഇതിനും സാധിച്ചില്ലെന്ന് വിദ്യാർഥികൾ പറയുന്നു.

മണ്ണിടിച്ചിൽ ഉണ്ടായതിനെ തുടർന്നാണ് ജമ്മു-ശ്രീനഗർ ഹൈവേയിലുള്ള യാത്ര തടസപ്പെട്ടത്. വിദ്യാർഥികൾ നിലവിൽ സുരക്ഷിതരാണെന്നാണ് വിവരം. അതേസമയം ജമ്മുവിൽ വീണ്ടും പാക്കിസ്ഥാൻറെ പ്രകോപനമുണ്ടായി. പുലർച്ചെയാണ് വീണ്ടും ഡ്രോൺ ആക്രമണമുണ്ടായത്. പാക് ഡ്രോണുകൾ ഇന്ത്യൻ സൈന്യം തകർത്തതായാണ് വിവരം. ഡ്രോൺ ആക്രമണം പ്രതിരോധിക്കാൻ വ്യോമ പ്രതിരോധ സംവിധാനങ്ങൾ സൈന്യം പ്രവർത്തിപ്പിച്ചു.

# ഇന്ത്യ-പാക് സംഘർഷം തങ്ങളുടെ വിഷയമല്ലെന്ന് യുഎസ് വൈസ് പ്രസിഡൻറ്

വാഷിംഗ്ടൺ ഡിസി: ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള സംഘർഷം തങ്ങളുടെ വിഷയമല്ലെന്ന് യുഎസ് വൈസ് പ്രസിഡൻറ് ജെ.ഡി. വാൻസ്. എന്നിരുന്നാലും താനും പ്രസിഡൻറ് ഡോണൾഡ് ട്രംപും സംഘർഷം ലഘൂകരിക്കാൻ ശ്രമിക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. നമുക്ക് ചെയ്യാൻ കഴിയുന്നത് സംഘർഷം കുറയ്ക്കാൻ ശ്രമിക്കുക എന്നതാണ്. ഈ സംഘർഷത്തിൽ ഞങ്ങൾ ഇടപെടാൻ പോകുന്നില്ല. ഇന്ത്യക്കാരോടും പാക്കിസ്ഥാനുകളോടും ആയുധം താഴെയിടാൻ പറയാൻ അമേരിക്കയ്ക്ക് സാധിക്കില്ല. നയതന്ത്ര മാർഗങ്ങളിലൂടെ മാത്രമേ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കൂ.-ജെ.ഡി. വാൻസ് പറഞ്ഞു.

## ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിക്കുന്നു

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിക്കുന്നു. കഴിഞ്ഞ 9 വർഷം കൊണ്ട് ജില്ലയുടെ വിവിധ മേഖലകളിൽ ഉണ്ടായിട്ടുള്ള വികസന പദ്ധതികൾ, സർക്കാർ കൈവരിച്ച നേട്ടങ്ങൾ തുടങ്ങിയവ മൊബൈൽ ക്ലിക്കിലൂടെ അവതരിപ്പിക്കണം. മത്സരത്തിൽ പങ്കെടുക്കുന്നവർ ഫോട്ടോ, ഫോട്ടോ ക്യാപ്ക്ഷൻ, പേര്, വിലാസം, ഫോൺനമ്പർ എന്നിവ സഹിതം prdtvm2025ek@gmail.com എന്ന ഇ-മെയിൽ ഐഡിയിലേക്ക് മെയ് 15നകം എൻട്രികൾ അയക്കണം. വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകും.

## ജമ്മു സർവകലാശാലയ്ക്ക് നേരെ ഡ്രോൺ ആക്രമണം; സുരക്ഷ കൂട്ടി

ശ്രീനഗർ: ജമ്മു സർവകലാശാലയ്ക്ക് നേരെയും ഡ്രോൺ ആക്രമണം. സർവകലാശാലയ്ക്ക് അകത്തുനിന്ന് വരെ അവശിഷ്ടങ്ങൾ ലഭിച്ചു. വ്യോമ പ്രതിരോധ സംവിധാനങ്ങൾ ഉപയോഗിച്ച് ഇന്ത്യ ഡ്രോൺ ആക്രമണം ചെറുത്തു. സൈന്യം സ്ഥലത്ത് പരിശോധന നടത്തുകയാണ്.

ആക്രമണത്തിൻറെ പശ്ചാത്തലത്തിൽ സർവകലാശാല അടച്ചു. സ്ഥാപനത്തിന് സുരക്ഷ കൂട്ടിയിട്ടുണ്ട്. പുലർച്ചെ ജമ്മുവിൽ പലയിടത്തും ഡ്രോൺ ആക്രമണമുണ്ടായി. പാക് ഡ്രോണുകൾ ഇന്ത്യൻ സൈന്യം തകർത്തതായാണ് വിവരം.



83.25 കോടി രൂപയുടെ ഗ്യാരണ്ടി കമ്മീഷൻ ചെക്ക് കെ.എസ്.എഫ്.ഇ ചെയർമാൻ കെ.വരദരാജനും മാനേജിങ് ഡയറക്ടർ എസ് കെ സനിലും ചേർന്ന് ധനമന്ത്രി കെ.എൻ.ബാലഗോപാലിന് കൈമാറുന്നു